

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH
Vol. 13 No.2 Newsletter February 2015



"പോകുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു"
(ലൂക്കോസ് 10:52)




# വാർത്തകൾ

## സംഘടനാ ഭാരവാഹികൾ - 2015

**പുതുതായി തെരഞ്ഞെടുക്കപ്പെട്ട സംഘടനാ സെക്രട്ടറിമാർ**






| അഡ്വ. എ. സഗുണരാജ് | ഷെറീനസന്തോഷ് | പ്രൊഫ. രാജപ്രസാദ് | പ്രഭാ ജോഷ്വാ |
|---|---|---|---|
| സണ്ടേസ്കൂൾ | സി.ഇ.വൈ.എഫ് | എസ്.സി.എഫ് | സ്ത്രീജനസഖ്യം |



കൊച്ചിൻ യൂണിവേഴ്സിറ്റി കളമശ്ശേരിയിൽവെച്ച് നടത്തിയ നാഷണൽ സ്പേസ് ഒളിമ്പ്യാഡിൽ വിജയിയായ അലീന എ. 2014-ലെ സംസ്ഥാനസബ്ജൂനിയർ ബാസ്കറ്റ്ബോൾ ചാമ്പ്യന്മാരായ തിരുവനന്തപുരം ടീം അംഗം. നിർമ്മലാഭവൻ സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനി. ജെ. അലക്സാണ്ടറുടെ മകളാണ്.



സ്ത്രീജനസഖ്യം മഹായിടവകതലത്തിൽ നടത്തിയ സമൂഹഗാനമത്സരത്തിൽ രണ്ടാംസ്ഥാനം നേടിയ ടീം അംഗവും ബൈബിൾ ക്വിസ്സ്, പ്രസംഗം മത്സരങ്ങളിൽ സഭ, ഡിസ്ട്രിക്ട്, ഏരിയാ തലത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ ഇ.എച്ച്. ഹെലൻ സാറാമ്മ. നമ്മുടെ സഭയിലെ ഗോസ്പൽ ബാന്റ് പ്രായഭേദമെന്യേ നടത്തിയ ബൈബിൾ ക്വിസ്സ് മത്സരത്തിൽ രണ്ടാം സ്ഥാനവും ക്യാഷ് പ്രയിസും ട്രോഫിയും കരസ്ഥമാക്കി. സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ ജോയിന്റ് സെക്രട്ടറിയാണ്.

### വിമൻസ് ഫെല്ലോഷിപ്പ് ഭാരവാഹികൾ:

സാലിമ ബെൻ (വൈസ് പ്രസിഡന്റ്), പ്രഭാ ജോഷ്വാ (സെക്രട്ടറി), ഹെലൻ ബേബി (അക്കൗണ്ടന്റ്), ലതാ ജോബ് (ട്രഷറർ), ഡോ. തിലകാ സാംസൺ, വസന്താ ജോൺസ്, വിമലാ ജെയിംസ്, അനിതാ പ്രദീപ്, ശാന്താ ജഗദാസ് (കമ്മറ്റിയംഗങ്ങൾ)



### അനുശോചനം

ജനുവരി 15-ാം തീയതി നിര്യാതനായ നമ്മുടെ മുൻ സഭാശുശ്രൂഷകൻ റവ. ഡോ. ജസ്റ്റിൻ ചാൾസ് അച്ചന് ആദരാഞ്ജലി അർപ്പിക്കുന്നു.

- എം.എം. ചർച്ച്

# CHURCH VOICE

13th year of publication

FEBRUARY 2015



**Chief Editor**

Rev. T. Selvarajan

**Editor**

R. Sajan Samson

**Sub-Editor**

Manoj Kumar Ebenezer

**Editorial Board**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**Circulation Manager**

Zaem Enock



**Address:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

Printed at:
GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## The Blessings attained and to be attained from the Word of God

The Holy Scripture is the foundation of each and every Christian life. It is not a mere book of 'dos and donts' in life. The scripture should be studied, kept and revised in our minds, according to the good and bad circumstances occurring throughout our lives, meditated shared and discussed with our fellow Christians, as well as non Christians.

Including we Christians, everyone expects some outcome from each activity. The process of the study of Scripture brings forth numerous blessings. Let us examine some of them in detail.

1. **It is the Scripture which makes us Christians**

There is a general saying that "to become a Christian one should be christened or baptized". A child recognizes its parents through the actions and sounds produced by them. Even though we became Christians formally through baptism, we can recognize our God only through the Bible. The Holy Scripture reveals us who our God is. Mere reading of Bible brings forth nothing in our lives. The Valia Metropolitan of the Marthoma Syrian Church once commented in the Maramon Convention: "You should not read the Bible. The Bible is meant to study and to meditate upon."

As said earlier, we have to study the Bible first. We have to apply to our mind to purify it through prayer. The Scripture should remain bright in our mind in order to remove all the darkness of sin from our lives. Then only we can strengthen our mind to face the difficult situations in our lives.

To become a Christian without the Scripture is just like the spider who cut away the supporting web hung down from the roof which supported its large web. The foolish spider thought that the long monotonous supporting web is a disgrace to his web, which had a definite circular shape and even arrangements. There are many Christians who think and act like this spider. A Christian should begin to study the Bible right from the moment he or she has acquired the capability to read and understand. The Sunday Schools connected with the Churches play a vital role in the systematic study of Bible of the Children.

If a person is given proper guidance regarding the study of the Holy Bible, it is sure and certain that he will not go astray. The Scripture transforms him as a true Christian and he will continue as a strong Christian throughout his life.

2. **The Scripture transforms our lives**

Just like education transforms a person to a cultured individual, the Scripture transforms us to a true disciple of God. As we consider the Scripture as the basis of decision making at the main turning points of our life, our lives should be transformed, according to the Will of God which brings forth blessings throughout our lives.

Let us think of a man holding a torch, for his path through a dark valley at night. If the torch remains lighted in his hand, he can easily recognize his path and reach the goal at the appropriate time. If the torch is there in his hand and not switched on, it will be of no use to him.

Unless the Scripture acts in our lives, we will have no difference from the non believers whose lives are not at all transformed according to the Will of God. Hence as we begin to study the Word of God, let us pray that the Lord may transform our lives according to His will though the Scripture and it will be a blessing in our lives.

3. **The Scripture soothes us in our difficulties**

The Christian life is not a bed of Roses. There will be thorns in our lives which make us bleed. The life of Job in the Bible is a typical example for this. As we face a crisis in our life, we ought to look up to the Lord and seek the answers through the Scripture.

As we examine our lives, we can find numerous experiences in which the Holy Scripture comforted us during the days of trials and temptations.

Jesus, during His life in the world, faced the temptations of satan with the weapon of Holy Scripture. He defeated Satan through the Word of God which led to his final triumph over Satan at the Cross.

It we live without the Word of God we will be crushed as we fall down stumbling at the hindrances which we face in our life of faith.

4. **The Scripture leads us to Eternal Life**

The goal of the life of a Christian is to attain eternity and it is impossible through a life without the word of God. One has to

transform his life according to what the Scripture says in order to achieve the goal of eternity.

This transformation should begin right from the childhood days. Each day one has to look upon the Lord through the Scripture, evaluate himself, correct the failures and became closer and closer to God day by day and finally as the day comes to go to the eternal home. We will be received by God and Eternal life will be awarded to us.

Are we now living according to the Scripture? Let us evaluate, correct and submit ourselves to God to make us true Christians and lead us to eternity.

The following persons are elected as Office bearers in Sunday school, Women's Fellowship, CEYF, Senior Citizen's Fellowship.

**Sunday School**

Secretary - Adv. A. Sagunaraj
Accountant - Mr. Binil Wilfred
Treasurer - Er. C. L. Lal

**Women's Fellowship**

Vice President - Mrs. Salima Ben
Secretary - Mrs. Prabha Joshua
Accountant - Mrs. Helen Baby
Treasurer - Mrs. Latha Job

**CEYF**

Vice President - Mr. Reggie David
Secretary - Ms. Sherina J. Santhosh
Accountant - Mr. Lijin David
Treasurer - Mr. Binil G. Edwin

**Senior Citizen's Fellowship**

Vice President - Mr. E. H. Jones
Secretary - Prof. P. Rajaprasad
Joint Secretary - Mrs. E. H. Helen Saramma
Treasurer - Mrs. Lalitha Michel

On behalf of the Congregation, I congratulate all and pray that their services will become a blessing for the Church.

May God Bless You all.

**Rev. T. Selvarajan**
Presbyter-in-charge

## SECRETARY'S REPORT



Dear friends in Christ,

The twin virtues that qualify a life of total surrender and submission to the Spirit of God are Meekness and Patience. While meekness is the quality so akin to true saintliness, patience is the ability to encounter adversity and pressures and to overcome them. Meekness is the fruit of the Spirit that can accept (with submissiveness of heart, mind and spirit) abasement, abuse and affliction. A meek person has a lamb-like nature that shows no response to disappointments, mockings, jestings and cruelties. Meekness is a fruit of the Spirit that enables us to be composite and thereby triumph in all circumstances.

The clay that is put on the potter's wheel is subjected to pressure by the skilled hands of the master potter until all air bubbles or foreign substances are removed. This is accomplished by mixing water with the clay and letting the mixture stand in a large basin. The impurities fall to the bottom and the process is repeated until the upper clay is purified. Then the potter applies with his skilful hands, pressure after pressure upon the clay until all the remaining impurities are revealed and removed. This is how our Lord deals with us. He bathes and washes us in the water of the Word, after which we are harnessed, figuratively speaking about the potter's wheel (Ephesians 5:26). The call of the hour is to subject ourselves to the handiwork of God.

Our former Presbyter-in-Charge Rev. Dr. Justin Charles was called to eternal rest on 16/01/2015 after a brief hospitalisation at Medical College Trivandrum. He had served our Church with untiring enthusiasm and has left memories of laudable leadership and ministry amidst us. Let us remember Kochamma and children in our regular prayers.

Our deacon Dr. John Sajith Edwin gave excellent leadership to the newly founded **Men's fellowship** of our Church in 2014 and the following are the office-bearers for the current year: Mr. Edward John (Vice-President), Mr. Wilfred Wilson (Accountant) and Mr. Shaji Mohan (Treasurer). The Men's Fellowship is proposing to hold their regular meetings at 10am on all Sundays preferably in the LMS School building.

The Pakalveedu functioning in the Auburn building of our Church is arranging a 'Breakfast Sale' in the Church premises on a Sunday to raise funds for their ongoing activities.

City Mission Workers' Retreat is planned to be conducted during this month.

Elections were conducted in the sub-organisations of our Church and the new office bearers have taken up leadership roles:

Adv. Saguna Raj - Secretary of our Sunday School.

Miss. Sherina J Santhosh - Secretary of our CEYF : ( for the first time, a lady secretary for the youth department of our Church).

Mrs. Prabha Joshua - Secretary of our Women's Fellowship.

Prof. P. Rajaprasad - Secretary of our Senior Citizen's Fellowship

We are called to uphold those in leadership and pray that God will empower them with adequate wisdom and strength to carry out their responsibilities during this year.

Mr. Sanil Kumar G, proprietor of M/s Pinewood Retail Ventures conducting the business of Nilgris in the MM Church Parsonage & Missionary Complex of our Church has turned out to be a wilful defaulter with a rental dues of over Rs.13 lakhs. Inspite of requests, notices, and persuasion by the Church Committee, he has failed to clear the dues and vacate the premises. The matter was brought to the attention of our church members in our last General Body and the updates were published in the Church Voice. At our request, the South Kerala Diocese has filed a suit in Court for settlement of rental dues and to vacate the activity of Mr. Sanil Kumar G from the Parsonage & Missionary Complex building.

The following financial aids were sanctioned:

**Medical**

| | | |
|---|---|---|
| Sri. Vinish Das Thampi | - | Rs.1000 |
| Smt. Saroja Sathiadas | - | Rs.2500 |
| Sri. Manian | - | Rs.2000 |

**Marriage**

| | | |
|---|---|---|
| Smt. Mini C | - | Rs.1000 |
| Smt. Lalitha | - | Rs.2000 |
| Smt. Shailaja | - | Rs.1000 |

Smt. Ushakumari - Rs.2500
Smt. Baby L - Rs.1000
Sri. Sugathan T - Rs.2500.
Smt.Udayarani - Rs.3000

**House Maintenance**

Smt. Jagadamma - Rs.10,000

**Obituary:**

1. Mrs. Jagadasee Prasoonam (family no. 405) entered in to eternal glory on 17/01/2015 and was buried in our Cemetery on the same day.
2. Mr. Thankappan (our former night security) expired on 20/01/2015.
3. Mrs. Wilsie Daniel, (wife of Adv. Devasayam, Pattom - Family No.791) who was a renowned teacher of great repute entered into eternal glory at a ripe age of 90 years on 22/01/2015. She was laid to rest in our cemetery on the same day.

Let us remember the bereaved family members in our continued prayers.

Yours in His Ministry,
**Dr. Christenson E. Sarasam**



# പ്രതിവാര ധ്യാനം

**ഫെബ്രുവരി 2015**

ഫെബ്രുവരി 01, ഒന്നാം ഞായർ
വിഷയം: **സൃഷ്ടിയുടെ നന്മ**
ഉൽപ.1:24–31, സങ്കീ.104:1–13, എഫെ.1:3–14, മത്ത.6:9–13

ഫെബ്രുവരി 08, സൗഖ്യദായക ഞായർ
വിഷയം: **സൗഖ്യവും പൂർണ്ണതയും**
ഇയ്യോ.42:1–12, സങ്കീ.6, 2.കൊരി.12:1–10, യോഹ.5:1–9

ഫെബ്രുവരി 15, മൂന്നാം ഞായർ
വിഷയം: **നോമ്പ്: അനുരഞ്ജനത്തിന്റെ കാലം**
ഉൽപ.45:1–15, സങ്കീ.85, എഫെ.2:11–22, യോഹ.2:1–11

ഫെബ്രുവരി 22, നാലാം ഞായർ
വിഷയം: **തൊട്ടുകൂടാത്തവരെ തൊടുന്ന അനുഭവം**
2.രാജാ.5:1–10, സങ്കീ.10:1–12, എബ്രാ.13:8–17, മത്താ.8:1–4

# സഭയുടെ സൗഖ്യദായക ശുശ്രൂഷ
## (HEALING MINISTRY OF THE CHURCH)

പാഠഭാഗങ്ങൾ: 2 രാജാ.20:1–11; മർക്കൊ.5:25–34

റവ. ഇ. ജോൺ വിക്റ്റർ

രോഗശാന്തി ഓരോ ക്രിസ്തീയ വിശ്വാസിയുടേയും ജന്മാവകാശമാണ്. നാം ശരീരത്തിലും മനസ്സിലും ആത്മാവിലും പൂർണ്ണസൗഖ്യമുള്ളവരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. യേശു നമ്മുടെ സൗഖ്യദായകനാണ്. ദൈവീക രോഗശാന്തി വേദപുസ്തകാടിസ്ഥാനത്തിൽ ഉള്ളതാണ്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ദൈവരാജ്യ ശുശ്രൂഷയുടെ അവിഭാജ്യഘടകമാണ് രോഗശാന്തി ശുശ്രൂഷ.

മെഡിക്കൽ സയൻസ് വളരെ വളർന്നു കഴിഞ്ഞു എന്ന സത്യം നിക്ഷേധിക്കാനാവില്ല. ഒരു ഡോക്ടർ രോഗികളെ ചികിത്സിക്കുന്നു. സൗഖ്യം തരുന്നത് ദൈവമാണ്. ഇവിടെ പലപ്പോഴും ചികിത്സിക്കുന്ന ഡോക്ടർക്കാണ് നാം മുഖ്യസ്ഥാനം കൊടുക്കുന്നത്. ഒരു പ്രസിദ്ധനായ ഡോക്ടർ പറഞ്ഞു: “God heals and the Doctor gets the credit.” സൗഖ്യദായകനായ ദൈവം ആത്മാവിനെ സൗഖ്യമാക്കുന്നു. മനസ്സിന് സമാധാനം നൽകുന്നു. ശരീരം രോഗവിമുക്തമാകുന്നു.

ഇന്നത്തെ രോഗശാന്തി ശുശ്രൂഷ ദൈവത്തെ നിക്ഷേധിക്കുന്ന ഒരു പ്രകടനമായിട്ടാണ് പലയിടങ്ങളിലും കാണപ്പെടുന്നത്. രോഗശാന്തി ശുശ്രൂഷകൻ മറുഭാഷ എന്ന പേരിൽ ചിലതൊക്കെ ഉച്ചത്തിൽ വിളിച്ചു പറയുന്നു. പിശാചിനെ ബന്ധിക്കുന്നു. ദൈവത്തോട് എന്തൊക്കെയോ ആജ്ഞാപിക്കുന്നു. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും സൗഖ്യദായകനായ യേശുക്രിസ്തു തന്റെ ശുശ്രൂഷയിൽ ചെയ്തിട്ടില്ലാത്തതുമായ ചിലതൊക്കെ രോഗശാന്തി ശുശ്രൂഷ എന്ന പേരിൽ ചെയ്തു കൂട്ടുന്നു. ഈ ദിവ്യാത്മാവിനെ അനുകരിക്കുന്നവർ ഈ തനിരൂപം ഭാവി തലമുറയ്ക്ക് കൈമാറുകയും ചെയ്യുന്നു.

**രോഗസൗഖ്യത്തിനാധാരമായി പാഠഭാഗങ്ങളിൽ സൂചിപ്പിക്കുന്ന ചില പ്രധാന സംഗതികൾ.**

### 1. പാപമോചനവും ദൈവീക രോഗശാന്തിയും (Pardon and divine healing)

ദൈവീക രോഗശാന്തിയുടെ അടിസ്ഥാനം പശ്ചാത്താപവും പാപക്ഷമയുമാണ്. പാപക്ഷമയില്ലാതെ രോഗശാന്തി പൂർണ്ണമാകുന്നില്ല – നിലനിൽക്കുന്നില്ല. രോഗശാന്തിയില്ലാത്ത പാപക്ഷമയും പൂർണ്ണമല്ല. ഈ വലിയ സത്യം ഇന്നത്തെ പഴയനിയമഭാഗം നമ്മെ പഠിപ്പിക്കുന്നു. ഹിസ്കിയാ രാജാവിനെ മാരകമായ രോഗം ബാധിക്കുന്നു. സൗഖ്യം ലഭിക്കുമെന്ന പ്രതീക്ഷ നഷ്ടമായി (2 രാജാ.20:1). രാജാവ് പാപം ഏറ്റുപറഞ്ഞ് നിലവിളിച്ചു പ്രാർത്ഥിക്കുന്നു (20:2). സ്വർഗ്ഗത്തിലെ ദൈവം തന്റെ പാപം ക്ഷമിച്ച് അവന്റെ രോഗം സൗഖ്യമാക്കുന്നു. ദൈവം തന്റെ ആയുസ്സിൽ 15 വർഷം നീട്ടിക്കൊടുക്കുന്നു. “അവൻ നിന്റെ അകൃത്യമൊക്കെയും മോചിക്കുന്നു. സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു” (സങ്കീ.103:3).

മനുഷ്യൻ പാപം ചെയ്തു. അവൻ ശരീരത്തിലും ആത്മാവിലും രോഗിയായിത്തീർന്നു. പാപത്തിന്റെ ശമ്പളമായ മരണത്തിന് അടിമയായി തീർന്നു. പാപത്തിൽ നിന്നും പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും അവന് മോചനം

ആവശ്യമാണ്. ക്രിസ്തുവിന്റെ മരണത്താലും പുനരുദ്ധാനത്താലും അത് സാദ്ധ്യമായിത്തീർന്നു. “സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമക്കുന്നു. അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു” (യെശ.53:4,5). ഇവിടെ പാപത്തിൽ നിന്നും അതു മൂലമുണ്ടായ രോഗത്തിൽ നിന്നുമുള്ള സൗഖ്യമാണ് സൂചിപ്പിക്കുന്നത്.

2. **വിശ്വാസവും രോഗശാന്തിയും (Faith and divine healing)**

വിശ്വാസം രോഗശാന്തിക്ക് അതിപ്രധാനമായ ഘടകമാണ്. “Faith is the foundation of divine healing” എന്നു പറയപ്പെടുന്നു. യേശുകർത്താവ് രോഗികൾക്ക് സൗഖ്യം നൽകിയ ഇടങ്ങളിൽ വിശ്വാസത്തെ പ്രശംസിച്ചു പറഞ്ഞിരി ക്കുന്നു. കഫർഹൂമിലെ ശതാധിപന്റെ ഭൃത്യന് സൗഖ്യം കൊടുത്തപ്പോൾ, “പോക, നീ വിശ്വസിച്ചതു പോലെ നിനക്ക് ഭവിക്കട്ടെ” എന്ന് യേശു പറഞ്ഞു (മത്താ.8:13).

പന്ത്രണ്ടു വർഷമായി രക്തസ്രവം ബാധിച്ച സ്ത്രീ നാട്ടിലെ ചികിത്സാ സമ്പ്രദായങ്ങളെല്ലാം പരീക്ഷിച്ചു നോക്കി. തന്റെ സമ്പാദ്യമെല്ലാം ചികിത്സയ്ക്കായി അവൾ ചെലവിട്ടു. ശാരീരികമായും മാനസികമായും തളർന്ന ഒരു സ്ത്രീ. അവൾ സൗഖ്യദായകനായ യേശു ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചു. “അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊട്ടാൽ എനിക്കു സൗഖ്യമാകും” എന്നവൾ ഉറച്ചു വിശ്വസിച്ചു. അവൾ വിശ്വാസത്തോടു കൂടെ ഇറങ്ങി പുറപ്പെട്ടു. സൗഖ്യദായകനായ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. യേശുവിന്റെ സൗഖ്യമാക്കുന്ന ദൈവീകശക്തി അവളിലേക്ക് പ്രവഹിച്ചു. “ബാധ മാറി സ്വസ്ഥയായി എന്നവൾ ശരീരത്തിൽ അറിഞ്ഞു” (5:29). “മകളെ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക” (5:34) എന്ന് യേശു പറഞ്ഞു. അവളുടെ ക്രിസ്തുവിലുള്ള ആഴമായ വിശ്വാസം രോഗശാന്തിക്ക് കാരണമായി തീർന്നു.

യെരിഹോ എന്ന പട്ടണത്തിൽ ബർത്തമായി എന്ന കുരുടൻ ഭിക്ഷ യാചിച്ചു കൊണ്ടിരുന്നു. സൗഖ്യദായകനായ യേശുവിന്റെ വാർത്ത അവൻ കേട്ടു. “ദാവീദ് പുത്രാ യേശുവേ, എന്നോട് കരുണ തോന്നേണമേ” എന്നവൻ നിലവിളിച്ചു കൊണ്ടിരുന്നു. പലരും അവനെ തടസ്സപ്പെടുത്തുകയും ശാസിക്കുകയും ചെയ്തു. അവനെ എത്ര മാത്രം തടസ്സപ്പെടുത്തിയിട്ടും അവൻ ഉച്ചത്തിൽ സൗഖ്യത്തിനായി നിലവിളിച്ചു കൊണ്ടിരുന്നു. യേശു അവന്റെ വിശ്വാസം കണ്ടിട്ട് “പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു” (മർക്കൊ.10:52).

യേശു എന്നെ സൗഖ്യമാക്കും എന്ന ഉറച്ച വിശ്വാസം രോഗശാന്തിക്കു അനിർവാര്യമത്രെ. മരിച്ച് അടക്കപ്പെട്ട ലാസറിനെ ഉയിർപ്പിച്ചപ്പോൾ “വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും” എന്ന് യേശു പഠിപ്പിച്ചു (യോഹ.11:40). ചന്ദ്രരോഗം ബാധിച്ചിരുന്ന യുവാവിന് യേശു സൗഖ്യം കൊടുത്തപ്പോൾ യേശു ശിഷ്യൻമാരുടെ അൽപ്പവിശ്വാസത്തെ ശാസിക്കുന്നു. ‘‘നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അത്നീങ്ങും. നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയുമില്ല” (മത്താ.17:21). വിശ്വാസത്താൽ സകലവും സാദ്ധ്യമായി തീരുന്നു.

**3. പ്രാർത്ഥനയും രോഗശാന്തിയും (Prayer and divine healing)**

മടുത്തു പോകാത്ത പ്രാർത്ഥന - തളർന്നു പോകാത്ത വിശ്വാസത്തോടു കൂടിയ പ്രാർത്ഥന സൗഖ്യത്തിന് അനിർവാര്യമാണ്. “നീതിമാന്റെ ശ്രദ്ധയോടു

കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" എന്ന് യാക്കോബ് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നു (യാക്കൊ.5:16). വിശ്വാസത്തോടെയുള്ള പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും എന്നും അദ്ദേഹം പറയുന്നു.

മടുത്തു പോകാത്ത പ്രാർത്ഥനയെപ്പറ്റി പഠിപ്പിക്കുവാൻ യേശു ഒരു ഉപമ പറയുന്നു (ലൂക്കൊ.18:1–8). "ഒരു സാധു വിധവ ആ പട്ടണത്തിലെ ന്യായാധിപനെ ആശ്രയിച്ച്, തന്നെ രക്ഷിക്കണമെന്ന് വീണ്ടും വീണ്ടും അപേക്ഷിച്ചു കൊണ്ടിരുന്നു - അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. എന്നാൽ ന്യായാധിപൻ അത് കൂട്ടാക്കിയില്ല. വിധവ തന്നെ സഹായിക്കണമെന്ന് അദ്ദേഹത്തോട് വീണ്ടും വീണ്ടും അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ന്യായാധിപൻ ഒടുവിൽ അവളെ സഹായിച്ചു. മുട്ടിപ്പായ പ്രാർത്ഥന രോഗസൗഖ്യത്തിന് കാരണമായി തീരുന്നു.

മടുത്തു പോകാത്ത, മുട്ടിപ്പായ പ്രാർത്ഥനയുടെ മറ്റൊരു ഉദാഹരണമാണ് യബ്ബോക് കടവിൽവെച്ചുള്ള യാക്കോബിന്റെ പ്രാർത്ഥന. "നീ എന്നെ അനുഗ്രഹിച്ചാലല്ലാതെ ഞാൻ നിന്നെ വിടുകയില്ല" (ഉൽപ.32:26) എന്നവൻ പ്രാർത്ഥിച്ചു. ദൈവം അവനെ അനുഗ്രഹം കൊണ്ടു നിറച്ചു.

പ്രാർത്ഥനയാലും ഉപവാസത്താലും രോഗസൗഖ്യം ഉണ്ടാകുന്നു (മത്താ.17:21). ദൈവത്തിന് അസാദ്ധ്യമായതൊന്നും ഇല്ല. പ്രാർത്ഥനയാൽ അനുഗ്രഹങ്ങൾ നേടാം. "പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചുവെന്ന് വിശ്വസിപ്പിൻ, എന്നാൽ അതു നിങ്ങൾക്കുണ്ടാകും" (മർക്കൊ.11:24). ഇവിടെ പ്രാർത്ഥനയും വിശ്വാസവും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നു: "വിശ്വാസം പ്രാർത്ഥനയെ ജ്വലിപ്പിക്കുന്ന ഇന്ധനമാണ്" എന്ന് ഒരു ഭക്തൻ പറഞ്ഞിട്ടുള്ളത് ഇവിടെ ശ്രദ്ധേയമാണ്.

അമേരിക്കയിലെ വാഷിംഗ്ടൺ സിറ്റിയിൽ ഡോക്ടർ ഡയിൽ എം മാത്യൂസ് എന്ന പ്രസിദ്ധനായ ഡോക്ടർ ഔഷധവിധിയോടൊപ്പം രോഗികൾക്ക് ഉചിതമായ ബൈബിൾ വാക്യങ്ങൾ കൂടി എഴുതി കൊടുക്കുന്ന പതിവുണ്ടായിരുന്നു. പ്രാർത്ഥന ആവശ്യപ്പെടുന്നവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ആ ഡോക്ടറുടെ സാക്ഷ്യം ഇപ്രകാരമാണ്. "ഒരു ഡോക്ടർ എന്ന നിലയിൽ സൗഖ്യദൗത്യം പ്രാർത്ഥനയിൽ കൂടി ദൈവത്തിൽ സമർപ്പിക്കുന്നത് വളരെ ഫലപ്രദമാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. എന്റെ മേശപ്പുറത്ത് ആധുനിക മെഡിക്കൽ ഗ്രന്ഥങ്ങളോടൊപ്പം ഒരു ബൈബിളും ഞാൻ സൂക്ഷിച്ചിട്ടുണ്ട്. സൗഖ്യദായകൻ ദൈവം മാത്രം". ഈ സത്യം ഇന്നത്തെ ഡോക്ടർമാരും ഡോക്ടറുടെ സഹായം തേടുന്ന രോഗികളും ശ്രദ്ധിക്കേണ്ട യാഥാർത്ഥ്യമത്രെ.

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു" (പുറ.15:26); അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു" (യെശ.53:5). ഇന്നു നാം സഭാസംബന്ധമായ വേദികളിൽ സാധാരണയായി മുഴങ്ങി കേൾക്കുന്ന പ്രയോഗങ്ങളാണ്: The Church is a worshipping community (സഭ ആരാധിക്കുന്ന ഒരു സമൂഹമാണ്), The Church is a servant community (സഭ ഒരു പ്രേഷിത സമൂഹമാണ്), The Church is a healing community (സഭ ഒരു സൗഖ്യദായക സമൂഹമാണ്) എന്നിവ. സഭ ആത്മാവാകുന്ന ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ഒരു സമൂഹമായി മാറുമ്പോൾ കഷ്ടപ്പെടുന്നവരെയും മുറിവേറ്റവരേയും വിശക്കുന്നവരെയും ശുശ്രൂഷിക്കുന്ന ഒരു സമൂഹമായി മാറുന്നു. ആരാധനയിലും ശുശ്രൂഷയിലും കൂടെ പരിശുദ്ധാത്മാവ് സഭയെ ഒരു സൗഖ്യദായക സമൂഹമാക്കി രൂപാന്തരപ്പെടുത്തുന്നു. ഈ രൂപാന്തരം സഭയിൽ കൂടെ ദൈവം നമുക്ക് ദാനം ചെയ്യട്ടെ.

# ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നു

**ഡോ. ശാന്താ യേശുദാസ്**
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

രോഗം വന്നിട്ടില്ലാത്തവർ ആരെങ്കിലുമുണ്ടോ? രോഗങ്ങൾ പലതരമാണ്. വായുവിലൂടെയും ജലത്തിലൂടെയും ഭക്ഷണത്തിലൂടെയും പകർന്നുകിട്ടുന്ന സാംക്രമിക രോഗങ്ങൾ. പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, ഹൃദയാഘാതം, പക്ഷാഘാതം മുതലായ ജീവിതശൈലീ രോഗങ്ങൾ (ഇവ ദീർഘകാല ചികിത്സ ആവശ്യമായ രോഗങ്ങളാണ്). വിവിധതരം അപകടങ്ങൾക്ക് ഇരയായി ആശുപത്രിയെ അഭയംപ്രാപിക്കേണ്ടിവരുന്ന അവസ്ഥ, പ്രസവസംബന്ധമായ അസുഖങ്ങളാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നവർ, ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ബാധിച്ച് ശരീരവും മനസ്സും തളർന്ന് വിഷമിക്കുന്നവർ - എന്നിങ്ങനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവർക്ക് ചികിത്സയോടൊപ്പം അവരുടെ തകർന്ന മനസ്സുകൾക്ക് സാന്ത്വനവും ആവശ്യമാണ്. സമാനഅനുഭവങ്ങളിലൂടെ കടന്നുപോയ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സാമീപ്യവും ആശ്വാസവാക്കുകളും രോഗത്തിന്റെ ആഘാതത്തിൽ പിടിച്ചുനിൽക്കാനുള്ള കഴിവ് രോഗികൾക്ക് നൽകുന്നതിനാൽ ഇവ നിമിത്തം രോഗികൾക്ക് ലഭിക്കുന്ന കുളിർമ്മ കുറച്ചൊന്നുമല്ല.

**സന്ദർശകർ 'പാര'കൾ ആയി മാറിയാലോ?**

'പാര' എന്ന ഈ വാക്കിന് നിഘണ്ടുവിൽ നൽകിയിരിക്കുന്ന അർത്ഥം ആശ്വസിപ്പിക്കാനെന്ന ഭാവത്തിൽ കടന്നുചെന്ന് ഉപദ്രവം ഉണ്ടാക്കുന്നവർ എന്നാണ്. ഒരു രോഗി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുമ്പോൾ അവരോടൊപ്പം വന്നെത്തുന്ന ബന്ധുക്കൾ പിന്നീട് സന്ദർശകരായി എത്തുന്ന അയൽക്കാർ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ എന്നിങ്ങനെ സന്ദർശകർ വിവിധതരക്കാരാണ്. ഇവരുടെ പെരുമാറ്റരീതികൾ അനുസരിച്ച് ഇവരെ രണ്ടായി തരംതിരിക്കാം. ഒരു കൂട്ടർ രോഗിയുടെ മനസ്സിൽ പോസിറ്റീവ് ചിന്തകൾ (ശുഭാപ്തിവിശ്വാസം) നിറയ്ക്കുന്നു. ഈ ചിന്തകൾ രോഗശമനത്തെ ത്വരിതപ്പെടുത്തുന്നു. ഈ രണ്ടാമത്തെ വിഭാഗം സന്ദർശകർ രോഗിയുടെ മനസ്സിൽ നെഗറ്റീവ് ചിന്തകളാണ് (നിഷേധാത്മക ചിന്തകൾ) നിറയ്ക്കുന്നത്. ഈ ചിന്തകൾ രോഗികളുടെ മനസ്സ് സംഘർഷഭരിതമാക്കുന്നു. പലരും താമസിയാതെ മരണതീരത്തേക്ക് പറന്നുപോകുന്നു.

**ജോബ്സ് കംഫർട്ടർ എന്ന പദം തികച്ചും അന്വർത്ഥം**

ജോബ് (ഇയ്യോബ്) എന്ന നീതിമാൻ അനുഭവിച്ച കഷ്ടതകളെപ്പറ്റിയും രോഗക്കിടക്കയിൽ അദ്ദേഹത്തെ സന്ദർശിക്കാനെത്തിയവർ അദ്ദേഹത്തിന് സമ്മാനിച്ച കടുത്ത മനോവ്യഥയെപ്പറ്റിയും പലതവണ നാം ബൈബിളിൽ വായിച്ചിട്ടുണ്ട്. ഈ സംഭവത്തെ അടിസ്ഥാനമാക്കിയാണ് ജോബ്സ് കംഫർട്ടർ എന്ന പദം ഇംഗ്ലീഷിൽ രൂപംകൊണ്ടത്. വ്യാജസ്നേഹിതർ, കപടഅനുകമ്പ കാട്ടുന്നവർ എന്നൊക്കെ ഈ പദത്തിനർത്ഥമുണ്ട്. ഇവരിൽ 50 ശതമാനത്തോളം

പേർ ആശുപത്രിയിലെത്തുന്നത് നിഷേധാത്മകമനോഭാവത്തോടുകൂടിയാണ്. രോഗിയുടെ കഷ്ടതയും സങ്കടവും കണ്ട് സായൂജ്യമടയുന്ന ഇക്കൂട്ടർ രോഗിയുടെ അടുത്ത് എത്തിക്കഴിഞ്ഞാൽ രോഗി ഉറങ്ങുകയാണെങ്കിൽ തട്ടിയുണർത്തുന്നു. മറ്റൊരു കൂട്ടർ രോഗിയുടെ ശരീരത്തിലെ വേദനയുള്ള ഭാഗങ്ങളിൽ വിരലമർത്തി 'വേദന കുറവുണ്ടോ?' എന്ന് ചോദിക്കുന്നവരാണ്. ഇനി മറ്റുചിലർക്കാകട്ടെ രോഗി സാധാരണ ജീവിതത്തിലേക്ക് രോഗശമനം ലഭിച്ച് മടങ്ങിവരുമോ (ഇതോടെ അയാളുടെ കാറ്റ്പോകുമോ) എന്നാണറിയേണ്ടത്.

ഇൻസുലിൻ കുത്തിവെയ്പ്പുകളുമായി ആശുപത്രിയിൽ കഴിയുന്ന പ്രമേഹരോഗികൾക്ക് കഴിക്കുന്നതിനായി മധുരപലഹാരങ്ങൾ, ഓറഞ്ച്, ആപ്പിൾ, മുന്തിരിപ്പഴം എന്നിവയുമായി എത്തുന്ന സ്നേഹനിധികളായ സന്ദർശകരുമുണ്ട്. ഇവർ സമ്മാനിക്കുന്ന ഈ ഭക്ഷണപദാർത്ഥങ്ങൾ കഴിച്ചാൽ പ്രമേഹരോഗികളുടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുതിച്ചുയരും എന്ന സത്യം ഇക്കൂട്ടർക്കറിയില്ലേ?

**ഡോക്ടർമാരെ ആക്രമിക്കാനെത്തുന്ന പാരകൾ**

ഇക്കൂട്ടർ രോഗിയെ സന്ദർശിച്ച ശേഷം ചികിത്സിക്കുന്ന ഡോക്ടറെതേടിയെത്തുകയാണ് പതിവ്. അനന്തരം ഡോക്ടറുടെ മനോവീര്യം കെടുത്തുന്ന രീതിയിൽ ചോദ്യശരങ്ങൾ ഡോക്ടർമാരുടെ നേർക്ക് എയ്തുവിടുന്നു. 'രോഗിക്ക് മറ്റുകുഴപ്പങ്ങളൊന്നും ഇല്ലല്ലോ?' (രോഗാവസ്ഥ തന്നെ കുഴപ്പമാണല്ലോ!) 'എത്ര ദിവസം ആശുപത്രിയിൽ കിടക്കേണ്ടിവരും?' എന്നായിരിക്കും അടുത്ത ചോദ്യം. ഇത്തരം ചോദ്യങ്ങളുമായി എത്തുന്നവർ ശ്രദ്ധിക്കുക. ഒരു കെട്ടിടം ഇത്ര ദിവസം കൊണ്ട് പണിതുനൽകാം എന്നു പറയുന്നതുപോലെ ഒരു രോഗിയെ ഇത്ര ദിവസം കൊണ്ട് ചികിത്സിച്ചു സുഖമാക്കാം എന്ന് ഒരു ഡോക്ടർക്കും പറയാനാകില്ല. ഗർഭിണിയാണ് രോഗിയെങ്കിൽ ചോദ്യങ്ങളുടെ രൂപവും ആഴവും വ്യാപ്തിയും വ്യത്യസ്തമായിരിക്കും. പ്രസവം വേഗത്തിൽ നടന്ന് അമ്മയെയും കുഞ്ഞിനെയും 'രണ്ടുപാത്രമായി' കാണാൻ തിടുക്കം കൂട്ടുന്ന ബന്ധുക്കളുടെ ചോദ്യങ്ങൾ ഇപ്രകാരമായിരിക്കും: 'എന്താണ് പ്രസവം നടക്കാൻ ഇത്ര താമസം?' 'സിസേറിയൻ ചെയ്ത് കുട്ടിയെ പുറത്തെടുത്തുകൂടേ?' ഓർക്കുക നമ്മുടെ സാക്ഷര കേരളത്തിലെ സിസേറിയൻ ശസ്ത്രക്രിയകളുടെ എണ്ണം ക്രമാതീതമായി അനുദിനം വർദ്ധിച്ചുവരുന്ന പ്രതിഭാസത്തിന് പിന്നിലുള്ള ഒരു പ്രധാനകാരണം ഇത്തരം ചോദ്യങ്ങൾ തന്നെയാണ്.

**രോഗിയെക്കൊണ്ട് കുത്തുപാളയെടുപ്പിക്കുന്ന സന്ദർശകർ**

രോഗിയെ സന്ദർശിക്കാനെത്തുന്ന ഇക്കൂട്ടർ നഗരത്തിലെ ഫൈവ്സ്റ്റാർ ആശുപത്രികളെപ്പറ്റിയും അവിടുത്തെ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡോക്ടർമാരെല്ലാം തന്റെ സുഹൃത്തുക്കളാണെന്നും വീമ്പടിക്കും. അവിടെ രോഗിയെ കൊണ്ടുപോയി വിദഗ്ധ ചികിത്സ താൻ ഏർപ്പാടാക്കിതരാം എന്ന് പറയുന്ന സന്ദർശകനായ ഈ പാരയുടെ വാക്കുകൾ വിശ്വസിച്ച് രോഗി കിടക്കുന്ന ആശുപത്രിയിൽ നിന്ന് നിർബ്ബന്ധമായും ഡിസ്ചാർജ്ജ് വാങ്ങി (ഓക്സിജൻ നൽകി ആശുപത്രിയിൽ കിടത്തിയിരുന്ന അത്യാസന നിലയിലുള്ള രോഗികളെപ്പോലും) നിർബ്ബന്ധമായി ഡിസ്ചാർജ്ജ് ചെയ്യിച്ച ശേഷം സുഹൃത്ത് പറഞ്ഞ ആശുപത്രിയിലേയ്ക്ക് യാത്ര തിരിക്കുന്നു. ഓക്സിജൻ കൊടുത്തു കിടത്തിയിരിക്കുന്ന രോഗിയെ ഇപ്രകാരം ജീവൻ നിലനിർത്തിയിരുന്ന ഓക്സി

ജൻ ഊരിമാറ്റിയ ശേഷം കൈയ്യിൽകിട്ടിയ ഏതെങ്കിലും വാഹനത്തിൽ കയറ്റിയിരുത്തി കുറച്ചുദൂരം എത്തിയപ്പോൾ രോഗി കുഴഞ്ഞുവീണു മരിച്ച സംഭവങ്ങൾ വിരളമല്ല. ആശുപത്രിയിൽ എത്തിച്ചുകഴിഞ്ഞ് രോഗിയെ അഡ്മിറ്റ് ചെയ്ത ശേഷം മുങ്ങുന്ന പാര പിന്നീട് ആ പ്രദേശത്ത് പോലും എത്തിനോക്കുകയില്ല. ഒടുവിൽ ഫൈവ്സ്റ്റാർ ആശുപ്രിയിലെ ബിൽ അടയ്ക്കുന്നതിനായി രോഗിയും ബന്ധുക്കളും അനുഭവിച്ച ദുരിതം അവർണ്ണനീയം!! രോഗി രക്ഷപ്പെട്ടാൽ ഭാഗ്യം.

**രോഗികളും ബന്ധുക്കളും സന്ദർശകരോട് എങ്ങനെ പ്രതികരിക്കണം?**

ആശുപത്രിയിൽ കഴിയേണ്ടിവരുന്ന നിർഭാഗ്യകരമായ അവസ്ഥയുണ്ടാകുമ്പോൾ തങ്ങളെ സന്ദർശിക്കുന്നതിനായി സാന്ത്വനമന്ത്രവുമായി വന്നെത്തുന്നവർ ഉത്തമസുഹൃത്തുക്കളായാലും ഉറ്റബന്ധുക്കളായാലും അവർ നൽകുന്ന ഉപദേശങ്ങളെല്ലാം അതേരീതിയിൽ സ്വീകരിക്കരുത്. അവയിലെ നെല്ലും പതിരും തിരിച്ചറിയുക. ഈ ഉപദേശങ്ങളുടെ പ്രായോഗികതയെപ്പറ്റി പലപ്രാവശ്യം ചിന്തിക്കുക, വിശദമായി മനസ്സിലാക്കുക, സ്വീകരിക്കാവുന്നവ മാത്രമേ സ്വീകരിക്കാവൂ. ഇതിന് ബുദ്ധിയും ലോകപരിചയവും മാത്രം പോര, നല്ല തന്റേടവും ആവശ്യമാണ്.

**നമ്മുടെ സന്ദർശനം രോഗികൾക്ക് ധൈര്യം പകർന്നു നൽകുന്നവയായിത്തീരട്ടെ**

രോഗം നമ്മുടെ ശരീരത്തെയാണ് ബാധിക്കുന്നതെങ്കിലും അവ നമ്മുടെ മനോവീര്യത്തെയും തകർത്തുകളയും. ഈ സമയത്ത് ദു:ഖത്തിന്റെ ശക്തിയേറിയ തിരമാലകൾ നമുക്ക് ചുറ്റും ആഞ്ഞടിക്കുന്നതുപോലെയും കനത്ത കൂരിരുട്ട് നമ്മെ മൂടി ദിശാബോധം നഷ്ടപ്പെട്ട അവസ്ഥയിൽ എത്തിച്ചേർന്നതുപോലെയും (ദൈവം നമ്മെ കൈവിട്ടു കളഞ്ഞു എന്നുപോലും) നമുക്ക് തോന്നിയേക്കാം. ഈ അവസ്ഥയിൽ നമ്മുടെ വേദനയുടെയും ദു:ഖത്തിന്റെയും കഥകൾ കേൾക്കുമ്പോൾ നമ്മെ തോളത്ത് തട്ടി സമാധാനിപ്പിക്കുകയും അർഹമായ അവസരങ്ങളിൽ സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്ന ബന്ധുക്കളും സുഹൃത്തുക്കളുമായ സന്ദർശകരെയാണ് നമുക്കാവശ്യം; പക്ഷേ ഇക്കൂട്ടർ നമ്മുടെ സമൂഹത്തിൽ വളരെക്കുറവാണ്.

**സംഘടനാ ഭാരവാഹികൾ 2015**

**സണ്ടേസ്കൂൾ:** അഡ്വ. എ. സഗുണരാജ് (സെക്രട്ടറി), ബിനിൽ വിൻഫ്രഡ് (അക്കൗണ്ടന്റ്), സി.എ.ലാൽ (ട്രഷറർ), ചെല്ല ഫ്ളോറി (എക്സിക്യൂട്ടീവ് കമ്മറ്റിയംഗം)

**സി.ഇ.വൈ.എഫ്:** റെജി ഡേവിഡ് (വൈസ് പ്രസിഡന്റ്), ഷെറീനസന്തോഷ് (സെക്രട്ടറി), ലിജിൻ ഡേവിഡ് (അക്കൗണ്ടന്റ്), ബിനിൽ ജി എഡ്വിൻ (ട്രഷറർ), സോബൻ, ബെറ്റി ക്രിസ്റ്റഫർ, ബോബി മാത്യു (കമ്മറ്റിയംഗങ്ങൾ)

**എസ്.സി.എഫ്:** ഇ.എച്ച്. ജോൺസ് (വൈസ് പ്രസിഡന്റ്), പ്രൊഫ. പി. രാജപ്രസാദ് (ജനറൽ സെക്രട്ടറി), ഇ.എച്ച്. ഹെലൻ സാറാമ്മ (ജോയിന്റ് സെക്രട്ടറി), ലളിതാ മൈക്കേൽ (ട്രഷറർ), പ്രൊഫ. ഒളിവർ എ. മേസൺ (പ്രോഗ്രാം കോ-ഓർഡിനേറ്റർ)

# ജീവനുള്ള സ്വപ്നങ്ങൾ

**റവ.റ്റി. സെൽവരാജൻ**
(പ്രസ്ബിറ്റർ ഇൻ ചാർജ്ജ്, എം.എം.ചർച്ച്)



സ്വപ്നം കാണുകയെന്നത് മനുഷ്യജീവിതത്തിലെ ഒരനുഭവമാണ്. ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമോ, ഇല്ലയോ എന്നത് മുൻകൂട്ടി പറയുവാനാകില്ല. എന്റെ ജീവിതത്തിലും ചില സ്വപ്നങ്ങളുണ്ടായിരുന്നു - വൈദീകബിരുദം കഴിഞ്ഞാൽ ബിരുദാനന്തരബിരുദ സമ്പാദനവും നല്ലൊരു കുടുംബജീവിതവും സ്വപ്നം കണ്ടിരുന്നു. കണ്ണമ്മൂല കെ.യു.റ്റി. സെമിനാരിയിൽ നിന്നും ബി.ഡി.ബിരുദം സമ്പാദിച്ച് 1988 മേയ് മാസം 1-ാം തീയതി ഈസ്റ്റാഫ്പുരം (കഴക്കൂട്ടം ഡിസ്ട്രിക്റ്റ്) സി.എസ്.ഐ. സഭയുടെ ശുശ്രൂഷകനായി നിയമിതനാകുമ്പോൾ എന്റെ പ്രായം 29 വയസ്സായിരുന്നു. 1988 മേയ് മാസം 25-ാം തീയതി ശ്രീമതി ജെ.എസ്.വത്സാസെലാസ്റ്റിനെ വിവാഹം കഴിച്ച് കുടുംബജീവിതം ആരംഭിച്ചു. കുടുംബമായുള്ള ഇടവകശുശ്രൂഷ വളരെ സന്തോഷകരമായിരുന്നു. 1989 മേയ് മാസം 28-ാം തീയതി ഞായറാഴ്ച തിരുവനന്തപുരം എം.എം.ചർച്ചിൽ വച്ച് അഭിവന്ദ്യ മോസ്റ്റ് റവ. ഡോ.ഐ. യേശുദാസൻ തിരുമേനിയാൽ ബോധകാഭിഷേകം പ്രാപിച്ചു.

ചില നാളുകൾ കഴിഞ്ഞപ്പോൾ, വലതുകാലിൽ മരവിപ്പനുഭവപ്പെട്ടു തുടങ്ങി. പ്രസ്തുത മരവിപ്പ് വർദ്ധിച്ചപ്പോൾ വലതുവശത്ത് നേരിയ തോതിൽ ചരിവുണ്ടാകുകയും, വാതസംബന്ധമായ രോഗമാണെന്ന നിഗമനത്തിൽ, ആയുർവേദ ചികിത്സയാരംഭിച്ചു. ചില മാസങ്ങൾ കഴിഞ്ഞിട്ടും ശമനമുണ്ടായില്ല. വലതുകാലിലെ മരവിപ്പ് ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഇടതുകാലിലും വ്യാപിച്ച് നടക്കുവാൻ കഴിയാത്ത അവസ്ഥയിലായി. എന്റെ രോഗമറിഞ്ഞ്, എന്നെ കാണുവാനും, പ്രാർത്ഥിക്കുവാനും വന്ന മലയിൻകീഴ് ഡോ.വില്യംജോൺ ഞങ്ങളോട് പറഞ്ഞു, ഇനി വാതത്തിന്റെ പേരിൽ വീട്ടിൽ വച്ചുള്ള ചികിത്സ പോരാ, വിദഗ്ധ പരിശോധനയും, ചികിത്സയ്ക്കുമായി മെഡിക്കൽകോളേജിൽ പോകണം. തുടർന്നുള്ള എല്ലാ ചികിത്സയ്ക്കും അദ്ദേഹമാണ് നേതൃത്വം നൽകിയത്.

1989 ജൂലായ് 1-ാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ.സാംസൺ നേശയ്യാ സാറിന്റെ വിദഗ്ധപരിശോധനയ്ക്കായി മെഡിക്കൽകോളേജിൽ അഡ്മിറ്റ് ചെയ്തു. പരിശോധനയെല്ലാം പൂർത്തീകരിച്ചപ്പോൾ, ഇതു വാതസംബന്ധമായ രോഗമോ, എല്ലുകളുടെ രോഗമോ അല്ല. ന്യൂറോളജിയുമായി ബന്ധപ്പെട്ട രോഗമാണെന്ന് ബോദ്ധ്യമായി. ഇതിനിടയിൽ കാലുകൾക്കുണ്ടായിരുന്ന മരവിപ്പ്, കൈകളെയും ബാധിച്ചു. മലമൂത്രവിസ്സർജ്ജനത്തിന് തടസ്സമുണ്ടാവുകയും ചെയ്തു. തുടർന്ന് 1989-ൽ തിരുവനന്തപുരം മെഡിക്കൽകോളേജിലെ ന്യൂറോളജി വിഭാഗം പ്രൊഫസറായിരുന്ന ഡോ. ജി.രാജശേഖരൻനായരെ കാണുകയുണ്ടായി. വിദഗ്ധ പരിശോധനകളും, എം.ആർ.ഐ. സ്കാനിംഗും കഴിഞ്ഞപ്പോൾ,

നട്ടെല്ലിലെ സ്പൈനൽ കോഡിൽ റ്റി7 ഭാഗത്ത് ട്യൂമർ രൂപപ്പെട്ടിരിക്കുന്നതു കണ്ടുപിടിച്ചു. അതിനാൽ അടിയന്തിര ശസ്ത്രക്രിയ നടത്തിയില്ലെങ്കിൽ, ശരീരത്തെ തളർത്തുമെന്നറിയിച്ചു. ട്യൂമർ അടിയന്തിരമായി ശസ്ത്രക്രിയ നടത്തണമെന്നറിയിച്ചു.

തിരുവനന്തപുരം ശ്രീചിത്രാമെഡിക്കൽ സെന്ററിൽ ഇത്തരത്തിലുള്ള ശസ്ത്രക്രിയകൾ നടത്തിയിരുന്നതിനാൽ, അവിടെ രജിസ്റ്റർ ചെയ്തു. പരിശോധനകൾ എല്ലാം കഴിഞ്ഞു. ചില മാസങ്ങൾ കഴിഞ്ഞുള്ള തീയതിയാണ് ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ നിന്നും ശസ്ത്രക്രിയയ്ക്ക് ലഭിച്ചത്. ഡോക്ടർ വില്യം ജോൺ സാർ അന്ന് ബിഷപ്പായിരുന്ന അഭിവന്ദ്യ യേശുദാസൻ തിരുമേനിയുമായി ആലോചിച്ച് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ വിദഗ്ധ ചികിത്സയ്ക്കായി കൊണ്ടുപോകുന്നതിന് തീരുമാനിച്ചു. അന്ന് സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിച്ച സമയമായിരുന്നു. ഈ സന്ദർഭത്തിൽ ഭാര്യയെ പ്രസവത്തിനായി ശാസ്തമംഗലം ശ്രീരാമകൃഷ്ണ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഞാൻ ഈ സമയം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുമായിരുന്നു.

1989 ഓഗസ്റ്റ് മാസം 18-ാം തീയതി എന്റെ ഭാര്യ മൂത്തമകൻ പോൾ എസ്.വി. ആനന്ദിന് ജന്മം നൽകി. അന്ന് ഞാൻ ശാസ്തമംഗലത്ത് പോയി ഭാര്യയെയും, കുഞ്ഞിനെയും കണ്ടശേഷം ഉച്ചയ്ക്കുള്ള മദ്രാസ് മെയിലിൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽകോളേജിലേയ്ക്ക് യാത്ര തിരിച്ചു. പ്രസ്തുത നാളുകളിൽ ദക്ഷിണ കേരള മഹായിടവകയിലെ എല്ലാ സഭകളും പ്രത്യേകിച്ച് എം.എം.ചർച്ചും എനിക്കു വേണ്ടി ശക്തമായി പ്രാർത്ഥിക്കുകയും, ആത്മാർത്ഥ മായി സഹായിക്കുകയും ചെയ്തു.

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽകോളേജിൽ കൊണ്ടുപോകുമ്പോൾ തന്നെ 2 കാലുകളുടെയും ചലനശേഷി കുറഞ്ഞിരുന്നു. മാത്രമല്ല, കാലുകൾ തറയിൽ ഉറയ്ക്കാത്ത അവസ്ഥയിലുമായിരുന്നു. 1989 ഓഗസ്റ്റ് 28-ാം തീയതി തന്നെ ഓപ്പറേഷൻ നടന്നു. ഓപ്പറേഷൻ കഴിഞ്ഞപ്പോൾ കാലുകൾക്ക് നേരിയ ചലനമുണ്ടായിരുന്നു. ഈ നാളുകളിൽ എം.എം.ചർച്ച് അംഗങ്ങളായ ശ്രീമതി. സുജ (മൈക്രോ ബയോളജി), ഡോ. ആൽഡിൻ ദീപ, ഡോ. ആശ (തിരുവന ന്തപുരം) എന്നിവരുടെ ശുശ്രൂഷകൾ ഏറ്റവും വിലപ്പെട്ടതായിരുന്നു. വിശ്വാസികളുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനയുടെ ഫലമായി ദിവസങ്ങൾ കഴിഞ്ഞപ്പോൾ കൈകാലുകൾക്ക് ചലനമുണ്ടായി. വളരെ പ്രതികൂലങ്ങൾ ഉണ്ടായപ്പോൾ ദൈവം അതിൽ നിന്നും വിടുതൽ നൽകി രക്ഷിച്ചു.

ഞാൻ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽകോളേജ് ആശുപത്രിയിൽ നിന്ന് മടങ്ങുമ്പോൾ, പ്രവാസത്തിൽ നിന്നും മടങ്ങിയെത്തിയവർ സ്വപ്നം കണ്ട തുപോലുള്ള ഒരനുഭവമായിരുന്നു (സങ്കീ: 126:1-3). ദൈവം ചെയ്ത വൻകാര്യങ്ങൾ അളവറ്റതായിരുന്നു. വെല്ലൂരിൽ നിന്നും തിരുവനന്തപുരത്തു വന്നു ഫിസിക്കൽ മെഡിസിനിൽ 2 മാസം വീണ്ടും ഫിസിയോതെറാപ്പി ചികിത്സ ചെയ്യേണ്ടി വന്നു. തുടർന്ന് ഊന്നുവടിയുടെ സഹായത്തോടെ ചെറിയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാൻ തുടങ്ങി. 6 മാസത്തോളം ഫിസിയോതെറാപ്പി ചെയ്യേണ്ടിവന്നു. തുടർന്ന് അജപാലന ശുശ്രൂഷ തുടർന്നു. 1994 ജനുവരിമാസത്തിൽ നട്ടെല്ലിലെ സ്പൈനൽ കോർഡിൽ റ്റി7 ഭാഗത്ത് വീണ്ടും ട്യൂമർ രൂപം കൊണ്ടു. അപ്പോൾ ഞാൻ നേമം സഭയിൽ ശുശ്രൂഷ ചെയ്യുകയായിരുന്നു. വില്യം ജോൺ ഡോക്ടർ വീണ്ടും എന്നെയും കൊണ്ട്

വെല്ലൂർ ക്രിസ്ത്യൻകോളേജ് ആശുപത്രിയിൽ പോയി വിദഗ്ധമായ പരിശോധനകൾ നടത്തിയപ്പോൾ മറ്റു പല ഭാഗത്തേയ്ക്കും ട്യൂമർ വ്യാപിച്ചതായി കാണപ്പെട്ടു. അപ്പോഴും പ്രതീക്ഷ കൈവിടാതെ ഒരു ഓപ്പറേഷൻ കൂടെ നടത്തുകയുണ്ടായി. **ഒട്ടും പ്രതീക്ഷയില്ലെന്ന് ഡോക്ടർമാർ വിധിച്ചപ്പോൾ, സർവ്വശക്തനായ ദൈവം വിശ്വാസികളുടെ ശ്രദ്ധയോടെയുള്ള പ്രാർത്ഥന കേട്ടു.** വീണ്ടും രണ്ടു മാസത്തോളം ഫിസിയോതെറാപ്പി ചെയ്യേണ്ടിവന്നു.

രണ്ടാമത്തെ ഓപ്പറേഷൻ കഴിഞ്ഞ് ഒരു വർഷമാകുന്നതിനു മുമ്പ് 1994 ജനുവരിയിൽ വീണ്ടും കാലുകൾക്ക് മരവിപ്പനുഭവപ്പെടുകയും തുടർന്ന് എം.ആർ.ഐ. സ്കാൻ എടുത്തപ്പോൾ ട്യൂമർ മാലിഗ്നന്റ് ആയിപ്പോയി എന്നറിയിക്കുകയും ചെയ്തു. വീണ്ടും വില്യം ജോൺ ഡോക്ടറുടെ നേതൃത്വത്തിൽ എന്നെ വെല്ലൂർ മെഡിക്കൽ കോളേജാശുപത്രിയിൽ കൊണ്ടുപോയി വിദഗ്ധ പരിശോധനകൾ നടത്തി കഴിഞ്ഞപ്പോൾ ട്യൂമർ കൂടുതൽ ഭാഗങ്ങളിലേയ്ക്ക് വ്യാപിച്ചുകഴിഞ്ഞു. ഇനി ഓപ്പറേഷൻ ചെയ്തിട്ട് കാര്യമില്ല. അതിനാൽ നല്ല ആഹാരം ആവശ്യാനുസരണം നൽകുന്നതിന് എന്റെ കുടുംബാംഗങ്ങളോട് ഡോക്ടർ പറഞ്ഞു. ഇതിനിടയിൽ എന്റെ കൈകാലുകളുടെ ചലനശേഷി കുറഞ്ഞു കൊണ്ടിരുന്നു. മാലിഗ്നന്റ് ആയിപ്പോയതു കാരണം വെല്ലൂർ സി.എം.സി.യിലെ ക്യാൻസർ വിഭാഗത്തിലെ ഡോക്ടർ സുഭാഷിണി ജോൺ അവർകളാണ് ആദ്യം പരിശോധന നടത്തിയത്. പരിശോധന കഴിഞ്ഞപ്പോൾ അവർ പറഞ്ഞു, ഇനി പണം ചെലവഴിച്ചുള്ള ചികിത്സയുടെ ആവശ്യമില്ല. ഒരു പക്ഷേ ഓപ്പറേഷൻ നടത്തിയാലും, വളരെ താമസിയാതെ വീണ്ടും ട്യൂമർ വരുവാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ 'കീമോതെറാപ്പി' കഴിഞ്ഞുപോകുന്നതാണ് നല്ലത് എന്ന് അവർ പറഞ്ഞു. ഞാൻ സ്വയമായി പ്രാർത്ഥിച്ചശേഷം, അവരോട് ആവശ്യപ്പെട്ടു – 'ഡോക്ടർ എന്റെ തളർന്ന കൈകാലുകളുമായി തിരുവനന്തപുരത്ത് പോകുന്നതിന് കഴിയില്ല. മരിക്കുന്നുവെങ്കിൽ അങ്ങനെയാകട്ടെ, ഒരു സർജറിക്ക് ഡോക്ടർ ശുപാർശ ചെയ്യണം.'

എന്റെ നിറകണ്ണുകളിൽ നോക്കിയശേഷം, മനസ്സില്ലാമനസ്സോടെ എന്റെ ആവശ്യപ്രകാരം അവർ സർജറിക്ക് ശുപാർശ ചെയ്തു. നെയ്യാറ്റിൻകര സ്വദേശിയായ ഡോ.സുഭാഷിണി അവർകൾ ശുപാർശ ചെയ്യാതിരുന്നെങ്കിൽ ന്യൂറോളജി വിഭാഗം ഓപ്പറേഷൻ നടത്തുകയില്ലായിരുന്നു. ന്യൂറോളജിവിഭാഗം പ്രൊഫസർ ഡോ.മാത്യുചാണ്ടി എന്റെ ഓപ്പറേഷൻ അടിയന്തിരമായി ചെയ്യാം, എന്നാൽ ഐ.സി.യൂണിറ്റിൽ ഒഴിവില്ല എന്ന് അറിയിച്ചു. ഇൻഫെക്ഷൻ ഉണ്ടാകുവാനുള്ള സാദ്ധ്യത വളരെ കൂടുതലായിരുന്നു. ജനറൽ വാർഡിലായിരുന്നു എന്നെ അഡ്മിറ്റ് ചെയ്തത്. മഹായിടവകയിലെ എല്ലാ പള്ളികളിലും പ്രാർത്ഥനാ കൂട്ടായ്മകളിലും എനിക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി. 1995-ൽ ഞാൻ എം.എം.ചർച്ചിന്റെ പ്ലാറ്റിനം ജൂബിലി പ്രമാണിച്ച് നിർമ്മിച്ച നേമം പി.ജെ.എം.സി.എസ്.ഐ. ഇടവകയിലായിരുന്നു ശുശ്രൂഷ അർപ്പിച്ചിരുന്നത്.

എം.എം.ചർച്ചുൾപ്പെടെ എല്ലാ സഭകളിൽ നിന്നും ചികിത്സയ്ക്കു വേണ്ട സഹായവും ലഭിച്ചു ഈ ഓപ്പറേഷൻ കഴിഞ്ഞപ്പോൾ, ഐ.സി.യു.വിൽ ഒഴിവില്ലാതിരുന്നതിനാൽ, ജനറൽ വാർഡിലെ ടോയിലറ്റിനടുത്ത ബെഡ്ഡാണ് ലഭിച്ചത്. മരണഭീതി പല പ്രാവശ്യം എന്നെ ആലിംഗനം ചെയ്തു. മരണ

താഴ്വരകളിൽ നിന്നും സർവ്വശക്തനായ ദൈവം എന്നെ രക്ഷിച്ചു. നേമം പള്ളിയിൽ 3 വർഷം മിഷൻ വീട്ടിൽ കിടക്കുകയായിരുന്നു. ഇനിയും രോഗം ആവർത്തിക്കുമെന്ന ഭയം ഉണ്ടായിരുന്നെങ്കിലും, തുടർന്നുള്ള രണ്ടു വർഷങ്ങളിൽ ഊന്നുവടിയുടെ സഹായത്താൽ എനിക്ക് ശുശ്രൂഷ ചെയ്യുവാൻ കഴിഞ്ഞു. ഞാൻ സ്വയം അവധിയെടുത്ത് സ്വന്തം വീട്ടിൽ വിശ്രമിക്കുവാൻ അപേക്ഷ നൽകുന്നതിനൊരുങ്ങിയപ്പോൾ നേമം പി.ജെ.എം. സി.എസ്.ഐ. സഭയിലെ അംഗങ്ങൾ ഒരുമയോടെ പറഞ്ഞു – 'അച്ചൻ മിഷൻവീട്ടിൽ വിശ്രമിച്ചാൽ മതി മറ്റ് ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തുകൊള്ളാം'. അങ്ങനെ അവിടെ താമസിച്ചുകൊണ്ട് ശുശ്രൂഷ തുടർന്നു. ഒരു ദിവസം ഒരു സ്വപ്നം കണ്ടു, 'ദൈവാലയങ്ങൾ ആരംഭിക്കുന്നതിന് ഞാൻ നേതൃത്വം കൊടുക്കുന്നു'. എനിക്കതു കഴിയുമോ എന്നുള്ള ചിന്ത എന്നെ ആകുലപ്പെടുത്തിയപ്പോൾ മിഷണറിയായ വില്യംകേറിയുടെ വാക്കുകൾ ഓർമ്മ വന്നു. Expect Great things from God, Attempt Great things for God ദൈവത്തിൽ നിന്ന് വൻകാര്യങ്ങൾ പ്രതീക്ഷിക്കുക, ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യുക – ഇതിനായി ഞാൻ എന്നെ തന്നെ സമർപ്പിച്ചു.

ഒരിക്കൽ കൂടി രോഗകിടക്കയിൽ ഞാൻ പ്രാർത്ഥിച്ചു, 'ദൈവമേ, ഈ രോഗശയ്യയിൽ നിന്നും എഴുന്നേൽപ്പിച്ചാൽ അങ്ങേയ്ക്കു വേണ്ടി ദൈവജനത്തെ ഒരുമിപ്പിച്ച് സഭകൾ ആരംഭിക്കുന്നതിന് ഞാൻ പരിശ്രമിക്കും'.

നെഹെമ്യാവിനോട് കൂടെയിരുന്ന്, വിശ്വാസത്തോടും അർപ്പണത്തോടും എഴുന്നേറ്റ് പണിയുക എന്നു പറഞ്ഞ ദൈവത്തിന്റെ കരം എന്നോടൊപ്പം ഉണ്ടായിരുന്നു. അങ്ങനെ 1997ൽ ഞാൻ എന്റെ സ്ഥലത്തിന്റെ ഒരു ഭാഗം മഹായിടവകയുടെ പേരിൽ സി.എസ്.ഐ. ട്രസ്റ്റ് അസോസിയേഷനു നൽകിക്കൊണ്ട് ആദ്യ ദൈവാലയം വലിയറത്തലയിൽ (ഊരൂട്ടമ്പലത്തിന് സമീപം) ആരംഭിച്ചു. ഇതിനകം 25 ദൈവാലയങ്ങൾ ദക്ഷിണകേരള മഹായിടവകയുടെ പേരിൽ ആരംഭിക്കുവാനും, സ്വപ്നങ്ങൾക്ക് ജീവനുള്ളതാക്കുവാൻ ദൈവത്തിന് കഴിയുമെന്നും പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടെന്ന് തെളിയിക്കുവാനും ഇടയായി. മൂത്ത പുത്രനെ കൂടാതെ കൃപ എസ്.വി ഷിബി (എം.ബി.ബി.എസ് ഫൈനൽ ഇയർ വിദ്യാർത്ഥിനി), വിൻസി എസ്.വി. ബിപി (പ്ലസ് വൺ വിദ്യാർത്ഥിനി) എന്നിവരെക്കൂടി നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഇമ്മാനുവേലായി ഞങ്ങളോട് കൂടെയുണ്ടായിരുന്ന ദൈവം നിങ്ങളോടും കൂടെയുണ്ട്. ഈ ദൈവം സർവ്വശക്തനാണ്.

'നന്ദി കൊണ്ടെന്റെ ഉള്ളം നന്നേ നിറയുന്നേ
സന്നാഹമോടെ സ്തുതി പാടിടുന്നേൻ – ദേവാ'

## തിരുത്ത്

**(ജനുവരി 2015 ലക്കം, പേജ് 22)**

ചരണം 3, വരി 2: വന്നെങ്ങളുള്ളം ആഹ്ലാദിപ്പിക്ക.
ചരണം 4, വരി 3: വിൺമേഘപ്രഭ ഭയമതിനിൽ.
ചരണം 4, വരി 4: ഗോത്രങ്ങൾക്കരുളി നിയമം.

**A \p`hkm £yw**

# സഭയുടെ പ്രാർത്ഥന ദൈവം കേട്ടു

എൽ. നേശയ്യൻ, നന്തൻകോട്



ഒക്ടോബർ മാസം 29-ാം തീയതി രാവിലെ എന്റെ കാലിൽ ഒരു ആണി കൊണ്ടു. ചെരുപ്പ് ഇട്ടിരുന്നെങ്കിലും ചെരിപ്പ് കടന്ന് കാലിൽ മുക്കാൽ ഇഞ്ചോളം തുളച്ചുകയറി. സ്വന്തമായി ഊരാൻ സാധിക്കാത്തതിനാൽ എന്റെ മരുമകൻ ആണി ഊരിമാറ്റി. ഒരു മണിക്കൂറിനകം തന്നെ റ്റി.റ്റി എടുക്കുകയും പ്രമേഹ രോഗം ഉള്ളതിനാൽ പഴുക്കാതിരിക്കാൻ ഉച്ചയോടുകൂടി ആന്റിബയോട്ടിക് കഴിച്ചുതുടങ്ങുകയും ചെയ്തു.

എന്നാലും മൂന്നാം ദിവസം ആണി കൊണ്ട ഭാഗം പഴുത്തു. ആദ്യത്തെ രണ്ടു ദിവസം വീട്ടിൽവെച്ചുതന്നെ ചികിത്സിച്ചു. കൂടുതലായി പഴുക്കുന്നത് മനസ്സിലായപ്പോൾ ആശുപത്രിയിൽ പോയി. ആദ്യ ദിവസം ചെറിയ ശസ്ത്രക്രിയ ചെയ്തു. ഡ്രസ്സ് ചെയ്ത് വീട്ടിൽ അയച്ചു. രണ്ടാം ദിവസവും ആശുപത്രിയിൽ പോയി ഡ്രസ്സ് ചെയ്തു. പക്ഷേ കൂടുതലായി പഴുക്കുന്നതുകൊണ്ട് അടുത്ത ദിവസം (5/11/2014) അഡ്മിറ്റ് ചെയ്ത് ശരിക്കുള്ള ചികിത്സ തുടങ്ങി.

രണ്ട് ദിവസം കഴിഞ്ഞപ്പോൾ എന്റെ കാലിലെ ഒരു വിരൽ എടുത്താലേ വ്രണം ഉണങ്ങുകയുള്ളൂ എന്ന് എന്റെ മകളോട് ഡോക്ടർ പറഞ്ഞു. ഉടൻ തന്നെ ആവശ്യമാണെങ്കിൽ അങ്ങനെ ചെയ്യാൻ ഡോക്ടറോട് പറയുകയും ചെയ്തു. അന്നുതന്നെ ശസ്ത്രക്രിയയ്ക്കുള്ള എല്ലാ ചെക്കപ്പുകളും പൂർത്തിയാക്കി. എന്റെയും ഭാര്യയയുടെയും മകളുടെയും സമ്മതവും വാങ്ങിച്ചു. അതു വെള്ളിയാഴ്ച ദിവസമായിരുന്നു.

തിങ്കളാഴ്ച ദിവസം ശസ്ത്രക്രിയ ചെയ്യാനാണ് തീരുമാനിച്ചത്. അടുത്ത ദിവസം രാവിലെ (രണ്ടാം ശനിയാഴ്ച) എം.എം. ചർച്ചിലെ ഫാസ്റ്റിംഗ് പ്രയർ ദിവസമായതിനാൽ ഞാൻ ആശുപത്രിയിലാണെന്നും പ്രാർത്ഥനയിൽ എന്റെ കാര്യം ഓർക്കണമെന്നും അച്ചനെ അറിയിച്ചു. അതിൻ പ്രകാരം അച്ചൻ പ്രാർത്ഥിക്കുകയും ചെയ്തു. വൈകുന്നേരമായപ്പോൾ കാലിലെ നീര് അൽപ്പം കുറഞ്ഞു. ഞായറാഴ്ച ഡോക്ടർ വന്നു പരിശോധിച്ചപ്പോൾ എടുത്തുമാറ്റണമെന്ന് പറഞ്ഞ വിരലിന് അൽപ്പം മാറ്റമുള്ളതായി കണ്ടു.

എന്റെ മകൾ റൂമിലുണ്ടായിരുന്നതിനാൽ ഡോക്ടർ പറഞ്ഞു നിശ്ചയിച്ചിരുന്നതു പോലെ തിങ്കളാഴ്ച തിയറ്ററിൽ കൊണ്ടു പോകും എന്നാൽ അൽപ്പം കൂടി വിരലിന് വ്യത്യാസമുണ്ടെങ്കിൽ വിരലെടുക്കാതെ ആണി കൊണ്ട ഭാഗം കുറേക്കൂടി കട്ട് ചെയ്ത് ഡ്രസ്സ് ചെയ്ത് വിടും എന്ന് പറഞ്ഞു. നമ്മുടെ സഭയിൽ ഞായറാഴ്ചയുള്ള എല്ലാ ആരാധനകളിലും എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഫലം അത്ഭുതമായിരുന്നു.

അടുത്ത ദിവസം തിയറ്ററിൽ കൊണ്ടുപോയി വിരലെടുക്കാതെ ബാക്കിയെല്ലാം ചെയ്ത് റൂമിലയച്ചു. വീണ്ടും രണ്ടുദിവസം കഴിഞ്ഞ് ഡോക്ടർ പറഞ്ഞ വിരൽ വഷളായിത്തന്നെ ഇരിക്കുന്നു - രണ്ട് ദിവസം കൂടി നോക്കിയിട്ട് വേണമെങ്കിൽ വിരൽ എടുത്തുകളയാം എന്ന് പറഞ്ഞു. ഈ സമയം സഭയിലുള്ള

# പാപി നീ വന്നീടുക

(രക്ഷയുടെ ഗാനം)

രചന, സംഗീതം: റ്റി. ജയകുമാർ ആൽഫ്രഡ്

പാപി നീ വന്നീടുക
പാപം പോക്കീടുക
കാൽവരി ക്രൂശിനെ നോക്കീടുക
കർത്താവേ സ്വീകരിക്കാം

**ചരണങ്ങൾ**

1. ദൈവം തൻ പുത്രനെ ദാനം നൽകി
ദൈവകോപം നീക്കുവാൻ - (2)
കൃപയാൽ ലഭിക്കും സൗജന്യരക്ഷ
കൃപായൽ സ്വീകരിക്കാം - (2) - പാപി നീ

2. ഗോൽഗോഥാ ക്രൂശതിൽ തൻ രക്തം ചിന്തി
വേദനകൾ സഹിച്ചു - (2)
നമ്മുടെ പാപങ്ങൾ അവൻ ചുമന്നു
നമ്മുടെ രക്ഷയ്ക്കായി - (2) - പാപി നീ

3. പാപത്തിൻ ശമ്പളം മരണമത്രെ
പാപം ഇരുളായി മാറും - (2)
ക്രൂശിലെ സ്നേഹത്തെ ഓർത്തീടുക
ജീവിതം വിശുദ്ധമാക്കാം - (2) - പാപി നീ

4. ക്രിസ്തുവിലായാൽ നാം പുതുസൃഷ്ടികൾ
ക്രിസ്തുവിൻ മക്കൾ നമ്മൾ - (2)
പിന്നിട്ട ജീവിതം വെടിഞ്ഞിടാം നാം
പൂർണ്ണമായ് സമർപ്പിച്ചിടാം - (2) - പാപി നീ

---

അനേകം പേർ പ്രത്യേകിച്ച് മൂന്ന് അച്ചന്മാരും ആശുപത്രിയിൽ വരികയും വിരൽ എടുക്കാതെ സൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു.

വിരൽ എടുക്കാതെ തന്നെ ദൈവം സൗഖ്യം തന്നുകൊണ്ടിരിക്കുന്നു. 25 ദിവസം ആശുപത്രിയിൽ കഴിഞ്ഞു. അതിനുശേഷം അഞ്ച് ആഴ്ച ഒന്നിട വിട്ടുള്ള ദിവസം ആശുപത്രിയിൽ പോയി ഡ്രസ്സ് ചെയ്തു കൊണ്ടിരുന്നു. ഇപ്പോൾ വീട്ടിൽവെച്ച് ഡ്രസ്സ് ചെയ്താൽ മതി എന്ന് ഡോക്ടർ പറഞ്ഞിരിക്കുന്നു. വ്രണം പൂർണ്ണമായി ഉണങ്ങിയിട്ടില്ല. എന്നാലും ക്രിസ്തുമസ് ദിവസം രാവിലെ തമിഴ് ആരാധനയ്ക്ക് പള്ളിയിൽ വരാൻ ദൈവം സഹായിച്ചു. എനിക്കുവേണ്ടി പ്രാർത്ഥിച്ച അച്ചന്മാരോടും സഭാജനങ്ങളോടും എനിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു. **സഭയുടെ പ്രാർത്ഥന ദൈവം കേട്ട് ഉത്തരം നൽകുന്നു** എന്നതാണ് എന്റെ സാക്ഷ്യം.

# അപകടത്തിൽ നിന്ന് യേശു രക്ഷിച്ചു

സെറാഗിൽ ഓസ്റ്റിൻ പ്രിൻസ്



'യഹോവ ഒരു ദോഷവും തട്ടാതെവണ്ണം നിന്നെ പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും.' ദൈവത്തിന്റെ ഈ വചനം ഒരിക്കൽ കൂടി മനസ്സിലാക്കുവാൻ എന്റെ ജീവിതത്തിൽ ഒരനുഭവമുണ്ടായി. ഞാൻ കൊല്ലം ടി. കെ.എം എഞ്ചിനീയറിംഗ് കോളേജിലെ അവസാനവർഷ ബി. ടെക് വിദ്യാർത്ഥിയാണ്. 2014 ഡിസംബർ ഒന്നാം തീയതി കൊല്ലം കടപ്പാക്കടയിൽവെച്ച് ഞാൻ ഓടിച്ചിരുന്ന ബൈക്ക് ബ്രേക്ക് ചെയ്തപ്പോൾ തെന്നി നടപ്പാതയുടെ കൈവരിയിൽ ഇടിക്കുകയും നടപ്പാതയിലേക്ക് മറിയുകയും ചെയ്തു. വീഴ്ചയിൽ എന്റെ ഇടതുകാൽ ഒടിഞ്ഞുതിരിഞ്ഞ നിലയിലായി. എങ്കിലും ആ വീഴ്ചയിൽ വിശ്വസ്തനായ ദൈവം എന്നെ താങ്ങി. മറ്റൊരിടത്തും പരിക്കേൽക്കാതെ ദൈവം സംരക്ഷിക്കുകയും തിരക്കേറിയ റോഡിലേക്ക് വീഴാതെ എന്റെ പ്രാണനെ കാക്കുകയും ചെയ്തു.

ഉടൻ തന്നെ സമീപത്ത് നിന്നിരുന്ന ആളുകൾ വന്നുകൂടി ഡ്യൂട്ടിയിലായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ സഹായത്തോടെ സമീപത്തുള്ള ആശുപത്രിയിൽ എന്നെ എത്തിച്ചു. പോകുന്ന വഴി എന്റെ ഹോസ്റ്റൽവാർഡൻ കൂടിയായ നമ്മുടെ മുൻ സഭാശുശ്രൂഷകൻ ഐസക് പോൾ സിംഗ് അച്ചന്റെ ഫോൺ നമ്പർ ഞാൻ നൽകി. വിവരമറിഞ്ഞ് ഉടൻ തന്നെ അച്ചൻ ആശുപത്രിയിൽ എത്തി വേണ്ട കാര്യങ്ങൾ ചെയ്യുവാനും ദൈവം സഹായിച്ചു.

പരിശോധനയിൽ എന്റെ ഇടതുകാലിലെ രണ്ട് എല്ലുകൾ പൊട്ടിയതായി മനസ്സിലായി. തുടർന്ന് കാരക്കോണം മെഡിക്കൽ കോളേജിലേക്ക് മാറ്റി. അവിടെ ഡോക്ടർ സാംസൺ നേശയ്യ സാറിന്റെ നേതൃത്വത്തിൽ വിദഗ്ധ ചികിത്സ ദൈവം ഒരുക്കി. ഡിസംബർ 4-ാം തീയതി എനിക്ക് ഓപ്പറേഷൻ നടത്തി. തുടർന്നുള്ള ദിവസങ്ങളിൽ ഫിസിയോ തെറാപ്പിക്ക് ശേഷം ആറ് ആഴ്ച നീണ്ടുനിൽക്കുന്ന വിശ്രമത്തിനായി ഡിസ്ചാർജ്ജ് ചെയ്തു. അപകടം പറ്റിയ വിവരം അറിഞ്ഞതുമുതൽ എനിക്കുവേണ്ടി അനേകർ പ്രാർത്ഥിച്ചു. നമ്മുടെ യുവജനസഖ്യ അംഗങ്ങൾ വളരെയധികം സഹായിക്കുകയും ആശുപത്രിയിൽവന്ന് ശുശ്രൂഷിക്കുകയും ചെയ്തു. കാരക്കോണത്തെ നമ്മുടെ സഭാംഗങ്ങളായ മെഡിക്കൽ വിദ്യാർത്ഥികളും അവരുടെ സുഹൃത്തുക്കളും ഏതുനേരത്തും എന്തുസഹായത്തിനും ഓടിയെത്തുമായിരുന്നു ആശുപത്രിയിലെ ഏകാന്തത മറികടക്കുവാൻ സഹായിക്കുകയും ചെയ്തു. നമ്മുടെ സഭയിലെ മറ്റനേകം പേർ എനിക്കായി സഹായഹസ്തങ്ങൾ നീട്ടി. എനിക്കുവേണ്ടി പ്രാർത്ഥിച്ചവരേയും മറ്റുസഹായങ്ങൾ ചെയ്ത ഏവരേയും നന്ദിപൂർവ്വം ഞാൻ ഓർക്കുന്നു.

എന്റെ ഈ കഷ്ടതയിൽ വിശ്വസ്തനായ ദൈവം കൂടെയിരുന്നു. ദൈവത്തോട് കൂടുതൽ അടുക്കുവാനും പ്രാർത്ഥനയിൽ ആയിരിപ്പാനും സ്വയം ശോധന ചെയ്യുവാനും ഈ വേളയിൽ കഴിയുന്നു. ഒരു വലിയ ആപത്തിൽ നിന്ന് എന്നെ രക്ഷിച്ച, ഇത്രത്തോളം സൗഖ്യം നൽകിയ സർവ്വശക്തനായ ദൈവത്തിന് സ്തുതിയും സ്തോത്രവും കരേറ്റുന്നു.

# നോമ്പുകാലം സംശയരഹിത ജീവിതമാക്കാം

സേം ഏനോക്ക്

***"അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അത് അങ്ങനെ തന്നെയോ എന്നു ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു." (അ.പ്ര. 17: 11)***

സംശയത്തിന്റെ ആഴത്തെ (വ്യാപ്തിയെ) ക്കുറിച്ച് സംശയാലുക്കളായ പതിനായിരം പേരെ പഠനത്തിന് വിധേയരാക്കിയ മനഃശാസ്ത്രജ്ഞന്മാർ പ്രധാനമായും ഇവർ 5 തരത്തിൽ ഉള്ളവരാണെന്ന് കണ്ടെത്തി. (1) സ്വന്തം കഴിവുകേടിനാൽ മനഃസ്സാന്നിദ്ധ്യം നഷ്ടപ്പെടുത്തിയവർ, (2) ഭാവനയിൽക്കൂടെ വിഷയങ്ങളെ ചികഞ്ഞെടുക്കാൻ ശ്രമിച്ചവർ, (3) സ്വന്ത വ്യക്തിത്വത്തെ സംശയിച്ചവർ, (4) താൻ പൂർണ്ണവാനാണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചവർ (5) നഷ്ടബോധത്തിന്റെ അടിമകൾ.

ഇത്തരക്കാർ കേൾവിക്കാർക്ക് പ്രോത്സാഹനം ലഭിക്കുന്ന തരത്തിൽ വിഷയങ്ങളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി മറ്റുള്ളവരിലേയ്ക്ക് സംശയ സന്ദേശങ്ങൾ എത്തിച്ച് ഇവരെയും സംശയരോഗികളാക്കാൻ വിദഗ്ധരാണെന്നും കണ്ടെത്തി.

**സംശയം സാത്താന്റെ ഉപകരണങ്ങളാണ്** (ഉല്പ: 3 : 4) പരീക്ഷണ പരിപാടിക്കായി സർപ്പത്തിന്റെ നിയന്ത്രണം സാത്താൻ ഏറ്റെടുക്കുന്നതായി കാണാം. "ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ മഹാ പാമ്പ് ...." (വെളി. 20 : 2) സാത്താൻ ജനിപ്പിച്ച സംശയം ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? (ഉല്പ: 3 :1). ഇതിന്റെ ഫലം വളരെ ഭയാനകമാണെന്ന് കാണാം. പരിണിതഫലം 2 മരണം സംഭവിക്കുന്നു. 1. ധാർമ്മിക മരണം 2. ആത്മീക മരണം. "മനുഷ്യരിലുള്ള ദൈവീക ജീവന്റെ മരണവും പാപസ്വഭാവവും അവരിൽ ഉളവായതുമാണ് ധാർമ്മിക മരണം. ദൈവവുമായി മുമ്പുണ്ടായിരുന്ന ബന്ധത്തിന്റെ തകർച്ചയാണ് ആത്മീക മരണം.

ദൈവ സൃഷ്ടിയായ മനുഷ്യരുടെ നിയന്ത്രണവും സാത്താൻ ഏറ്റെടുക്കുമ്പോഴാണ് സംശയരോഗത്തിനടിമകളായി മാറുന്നത്. സാത്താൻ കാര്യസാധ്യത്തിനായി പലവേഷം ധരിക്കുന്നു. 2 കൊരി. 11 : 14-ൽ പല വേഷം കെട്ടുന്നവരെക്കുറിച്ച് പൗലോസ് പറയുന്നു. അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്ക് ഒത്തതായിരിക്കും.

വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു പറയുന്നു യാക്കോബ് 1 : 6-ൽ സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരെയ്ക്കു സമനാണെന്ന സത്യം ചിതറിപ്പാർക്കുന്ന പന്ത്രണ്ട് ഗോത്രങ്ങളോട് എ.ഡി.25-49 കാലയളവിൽ പ്രായോഗിക വിശ്വാസത്തെ പരിശോധനാത്മകമായി വിലയിരുത്തി വിശ്വാസികളെ ധൈര്യപ്പെടുത്തുകയാണ് യാക്കോബ്.

# യേശു നിന്നെ വിളിക്കുന്നു

രചന, സംഗീതം: വിൻസ്റ്റൺ ഐ. പോൾ

ദുഖം ദുരിതങ്ങൾ വന്നു - നിന്റെ
മനസ്സ് വേദനിക്കുമ്പോൾ
ഈ ലോകം നൽകാത്ത സമാധാനം നൽകാൻ
ഇമ്പമായ് യേശു നിന്നെ വിളിക്കുന്നു

വരൂ... വരൂ... വരൂ...
യേശുവിനരികിൽ നീ വരൂ
ഇമ്പമായ് നിന്നെ വിളിക്കുന്ന
സ്നേഹത്തിൻ ശബ്ദം കേട്ടീടുമോ

1. ഈ ലോകേ നിങ്ങൾക്ക് കഷ്ടങ്ങൾ ഉണ്ട്
കദനഭാരങ്ങൾ നിരവധിയുണ്ട് - ഈ ലോകേ
ലോകത്തെ ജയിച്ച യേശുനാഥൻ ഇന്നും
വിടുതൽ നൽകാൻ ശക്തൻ തന്നെ
വിടുതൽ നൽകാൻ ശക്തൻ തന്നെ - വരൂ

2. ഈ ലോകം തന്നീടും സമാധാനമോ
ക്ഷണികം എന്നു നീ അറിഞ്ഞീടേണം - ഈ ലോകം
ഈ ലോകം നൽകാത്ത നിത്യസമാധാനം
നൽകീടാൻ യേശു നിന്നെ വിളിക്കുന്നു
നൽകീടാൻ യേശു നിന്നെ വിളിക്കുന്നു - വരൂ

---

യാക്കോബ് പറഞ്ഞ് 1965 വർഷം കഴിഞ്ഞു എങ്കിലും ഇന്നും പല വേഷത്തിലും സാത്താൻ ചുറ്റിനടന്ന് സംശയം ജനിപ്പിക്കുന്നതു കാണാം.

അല്പവിശ്വാസികളും സംശയത്തിനടിമകളാകാറുണ്ട്. യേശു പത്രോസിനോട് (മത്താ. 14 : 31) അല്പവിശ്വാസിയേ നീ എന്തിനു സംശയിച്ചു. ഇവിടെ വിശ്വാസത്തിന്റെ അപൂർണ്ണത സംശയം ജനിപ്പിക്കുന്നതായി കാണാം. ഇതിന് പരിഹാരം സംശയിക്കാത്ത വിശ്വാസമുള്ളവരായിരിക്കണമെന്ന് 21 : 21-ൽ കൂടെ യേശു പഠിപ്പിക്കുന്നു.

ക്രിസ്തുവിന്റെ വചനത്താൽ വരുന്നവയെ മാത്രം വിശ്വസിച്ച് പിശാചും സാത്താനും എന്നുള്ള പഴയ മഹാ സർപ്പത്തെ പിടിച്ച് ചങ്ങലക്കിട്ട്, സംശയിക്കുന്നവരോട് കരുണ ചെയ്ത്; തീയിൽ നിന്ന് വലിച്ചെടുത്ത് കേൾക്കുന്നതെല്ലാം അങ്ങനെ തന്നെയോ എന്ന് ശോധന ചെയ്യാൻ ഈ നോമ്പുകാലം പ്രയോജനപ്പെടുത്താം.

# By the Grace of God We Live

**N.P. Morris with Kamala Ramani Bai**



We are born and brought up in a Christian family. I am the second child of six male children to my parents. My wife is the only child to her parents. When she was 8 years old, her mother died. Her father refused to marry again and he dedicatedly brought her up in Christian faith. Her childhood experiences were not peaceful and pleasent. Her father took extra care to educate her in best schools and colleges and gave the care of mother and father.

We were married on 14-12-1965. From day one, her knowledge in Word of God and her child-like faith in Jesus Christ astonished me. She told that when her mother died, she did not cry at all because Jesus rose from the dead after three days. So her belief is that her mother would also come back alive after three days. On the third day, she ran to the cemetery expecting to find her mother alive. But to her great disappointment, she could not find her mother alive and started crying aloud. Her father and other relatives rushed to the cemetery, took hold of her and comforted her. Her explanation for why she did not cry upto the third day after her mother's death amazed them. When she told that incident to me I was astonished.

My wife's knowledge of the word of God and her faith in God slowly anchored me in Jesus Christ. I had a rough and tough character. My wife was afraid of me and used to cry and pray in isolation. God shaped me in my nature. I experienced my God in the most peculiar way. Accordingly my unexpected way of life changed and I began to depend on God. Wherever we went God prepared people of His choice to be our neighbours and friends. I worked in Bharat Heavy Electricals, Thiruchinapally (BHEL) where by God's grace we stayed in our cousin's house. They belonged to the Pentecostal Church. I had a miraculous healing from severe

pneumonia. They prayed for me and God helped me to recover quickly. Then we moved to BHEL Ramachandrapuram, Hyderabad. God took hold of our life and the fellowship of believers, we could build a united Church in which all Christian denominations worshipped God as per schedule.

I got a job in ISRO, Thiruvananthapuram in 1969. In our 50 years of married life, we came across storms and turbulence, but the protecting and helping hand of God never departed from us. We experienced the healing stripes, power and compassion of God many times. More than for us we prayed for others. Two of our brothers had cancer and doctors declared them as hopeless cases. We prayed along with our family and other believers. One of our brothers lived for 11 years and another brother lived for more than 15 years.

The blessings we received from the Lord sometimes surprised us. Here, in Trivandrum, my wife was without job. She volunteered to teach the children in the Extended Home in LMS compound. Within a year she got a job as teacher in Mary Mount School, Nanthancode. She applied for a teaching post in Arya Central School, Pattom. That school never appointed Christians, but surprisingly she got a call for interview. By the miracle of God, she got a job there. She got extra ordinary favours to distribute Bible and other Christian magazines to them and the students. Thereafter that school appointed many Christian teachers in preference to others.

We cannot say that our family life was without troubles. The mental and physical strain we encountered were many, but God never let us down. Even if we are not faithful, God is faithful to keep his Word. According to the word of God, 'All thy children shall be taught of the Lord, and great shall be the peace of thy children' (Isiah.54:13). God called our children back to do what God pleases and we enjoyed peace of life in family life.

### Our Lord turned our bed of affliction into rejoicing

God, by his grace healed our heart disease. We thank and glorify the name of Jesus Christ. Me and my wife were under medical checkups for problems related to heart. Intitially I had some sort of pain in my heart. After observation, I was discharged on the next

day as the discomfort was over.

We underwent usual medical checkup schedules on 6-6-2013. No problem was there. But on 15-6-2013 at 2.30 am my wife had chest pain. She being a diabetic patient, the pain she felt was a burning sensation. The next day, she was admitted to the hospital. Our younger daughter, Prem Chand Johnson and Jai Chand Johnson attended to our needs. The doctors gave medicines and said that they had to watch and see how she improves. Our elder daughter came to the hospital on the next morning. Our son working abroad was planning to come, but burdened in spirit advanced his travel and came with the family to the hospital. Doctors informed him the seriousness of her condition. Our neighbours informed our problem to pastors of our Church. All our church members including prayer groups prayed for us. God heard the prayers and her condition improved. The doctors said that heart operation is not possible, but medical administration only is possible. That meant that, with disability caused by heart attack and three major blocks she may have to live on medical treatment. By the grace of God, her heart condition improved.

On 22-6-2013 she was being dischared from hospital and at the same time I was admitted to the same hospital for treatment of heart attack. My wife reached home and even with all pain and discomfort, she prayed for me.

The pastors were informed about my problems and the Church unitedly prayed for us. Condition of my heart improved quickly. I was discharged from hospital on 28-6-2013. The next day my wife, son and family along with my brothers proceeded to Lissy hospital, Ernakulam leaving me at home. There the doctors conducted tests to decide whether surgery is possible. My wife and me in our private petition submitted uniformly to Lord, prayed to Lord you are the one who united as a family, and now we want you to allow us to live like that. My wife while undergoing Angiogram, and other tests at Lissy Hospital prayed to the Lord that if surgery will result in endangering life, never allow surgery to be done on me. God answered the prayer of my wife. No surgery could be attempted as her condition was

# The Times Fulfill The Bible Truths

Juliet Jospehus

In clouds of glory He shall come
And wait up there in the skies,
Till all in the ransomed Church of God
Shall be taken up to meet Him there.

No one knows the time or the hour,
The Saviour will deign to come,
Till the last soul in God's master plan
Is saved for this glorious life,He'll wait.

The times fulfill the Bible truths
When the Lord be asked to come
To take with Him His Bride-His own Church
Who readies herself and and waits for Him..

The signs of the times the Lord did tell
When He did preach on the earth,
Let's be alert, always vigilant
And disperse the truth to everyone.

The wait may be long but He'll come,
It may be round the corner,
Whatever be the signs of the time,
Let us stay prepared doing His work.

We are blessed indeed to live in times
Our forefathers dreamt about,
Let's tell the Good News to everyone,
Let them not be lost in ignorance.

Let's tell about eternal life

That's there,after this life ends,
We have a fair chance to make our choice:
Heaven or Hell,in eternity.

There is only one way to God,
That's through Jesus Christ alone;
All other ways shall lead you to Hell,
Choose wisely today,when there is time.

Invite Jesus into your heart,
He'll surely come in to stay,
The Creator of the Universe
Living within this vessel of clay.

The Alpha and the Omega,
He's my Joy and my strength,
My Hope,my Life,He's my all-in all,
He's been my never failing 'Abba".

The mighty King of Kings is He,
The Lamb slain for the sin of Man,
He's been there before the world began,
He'll be there when it cease to exist.

He's the Way,the Truth and the Life,
Without Him we are hopeless,
With Him to guide us all through our life
We shall be taken to meet our God.

---

diagnosed as extremely risky. She was discharged from Lissy Hospital on 3-7-2013. By the immense grace of God, me and my wife live together happily. My wife's health and heart condition improved and now she can walk freely and climb six or seven steps and attend Church service on Sundays. We praise the Lord for our healings and thank sincerely from heart all those who prayed for us. Glory be to God.

# Spiritual Lessons from Nik Wallenda's Skyscraper Tight rope walk

**Dr Manju Renjit Darwin**

I am not a fan of tightrope walking especially hundreds of feet above ground. I had heard of this Nik Wallenda from TV shows and articles. Some weeks back I saw a Face Book post of a friend from Chicago telling "Nik Wallenda .. Please don't fall, my Kids are watching you." Someone had replied. "His kids will also be watching." The post was about his imminent tight rope walk among some tall buildings in Chicago I read from the newspaper that Nik Wallenda successfully completed his walk and his feat, made it to Guinness records.

'On November 2, 2014, Discovery aired the special, entitled Skyscraper Live. In the special, Wallenda completed the two tightrope walks, setting two new Guinness world records: one for walking the steepest tightrope incline between two buildings and the other for the highest tightrope walk while blindfolded. The channels aired the



event with a 10 sec delay intending to go off air in case of a disaster. The first, a 454-foot stretch from the Marina City west tower to the Leo Burnett Building involved a tightrope walking across the Chicago River. Wearing a bright red jacket, Nik began his journey by testing the cable tension. He began the risky trek that could have been fatal, as there were no safety nets to catch Wallenda, if he missed his footing. In addition to balancing on the 3/4 inch thick high wire, the aerialist also had to deal with an ascend. That's because the 671-foot tall Leo Burnett Building happens to 113-feet higher than the Marina City west tower, where the walk began. Though the angle was about 4 degrees steeper than he had practiced for, Wallenda traversed across the skyscrapers in a short six and a half minutes.

Following a short break, Wallenda made his way back to Marina City west tower for his second walk - to Marina City east tower that stood a mere 94-feet away at height of 588 feet . - He planned to conduct the tightrope walk blindfolded!

As the crowd held its breath, Wallenda who was guided by his father, made his way across confidently, covering the distance in a speedy quick minute and 20 seconds! Once he was on sure footing, he ripped off his blindfold and waved to the wildly cheering crowd below'



I believe the Lord wanted to teach me some lessons from NIk Wallenda's skywalk. As I flipped channels the next day I came across the event re telecasted on Discovery. We watched spellbound as he walked his first stretch across an inclined rope and then blindfold across two buildings. Having lived in Chicago for a while I knew how bad the wind was. The tall buildings in downtown Chicago gave me creepy feelings. They actually swayed in the wind .I couldn't imagine someone wanting to walk on a rope across those tall buildings.

As we watched My Lord taught me several spiritual lessons .

1. **Spiritual ....Focus ,Focus ,Focus**

Focus, Focus , Focus .The word focus uttered three times are mantra taught by researchers. That day I learned new spiritual meanings for those words. As I listened to Nik speaking while he walked the tightrope I couldn't believe. If I am measuring ingredients in the Kitchen and someone talks I fly off the handle and here was this fellow walking 600 plus feet above ground, talking while using every muscle, every inch of his senses as he risked his life. One slight variation of any one element, his body, his senses, the wind, muscle fatigue ,anything could send him to his death .Sometimes a genuine criticism, sometimes a jealous one, an ignorant one, sometimes a stray comment would change my focus from the spiritual legacy my heavenly father had entrusted me.

As he was talking while on the tight rope he was telling. "My focus is to get on the other side of the rope," In your spiritual journey what are you focusing on? Though the risks we face are not visible physically they are very much real to the spiritual person. The darkness intimidating ,our weakness scary, the temptations of this world are alluring and the urge to be one among the crowd is tremendous. Yet we realize that, many times we are like Nik Wallenda walking the tightrope because we cannot ignore the spiritual light ignited in us and responsibilities that come with it. Faraway from those around us, many of us who are given this, fight the spiritual battles just like this man surrounded by 60000 people including his family, support team, with half the world watching the event telecast

with 10 second delay across the world yet he was there all by himself. I was learning great lessons and identifying spiritual challenges from him. Usually when I see daredevil acts like this I shake my head and voice my displeasur, but here I was glued to the TV (even though I knew from papers that he had achieved his goal), fascinated and stunned as in my spirit I was being taught. Many a time I am faced with the questions. Do I have to do it? I know the answer. I dare not disobey the Lord by backing out, because I know there is no other place to go. I dare not because I am afraid that if I disobey I would never hear his glorious voice and I would be lost in this world. Watching the tightrope made me realize how much our spiritual focus needs to be on reaching the other side. Winds and storms would rage,people may jeer or clap ,my body may threaten to fail me ...but I need to get to the other side .I need to complete each task my Saviour requires of me. I need to focus on HIM, who would hold me one day not too far.

2. **Spritual Training**

Before Nik Wallenda got on the rope ,his Pastor prayed for him. I was happy to watch that .When he reached the other side the first thing was he thanked JESUS. The name JESUS the powerful name in all the world .Here was this man acknowledging JESUS before the whole world.

Nik was often asked (it seems) whether his feats are Testing God .I like his answer. He said he undergoes rigorous training and field reality research analysis and simulations to prepare himself..

He was telling that if without such preparation he was doing these feats it would be Testing God.

When God has assigned spiritual tasks to us, how serious are we in our training,preparation ,research. Remember we are in a spiritual battle field ...as we fight the dark forces of the powers of darkness of this world ...are we adequately equipped with the sword of Spirit? The Word of God. Is our sword sharp, sharpened daily, is it double-edged, can it save those who need to be saved, can it slay the enemy ? Is the shield of our faith firm, indented to ward of the attacks? Are we fully clothed in armour of God prepared at all times for the enemies fiery darts?

## 3. Obeying Gods commands -Hearing his Voice

As if walking across an inclined rope between two skyscrapers was not enough, this fellow decided to walk blindfold across and that too immediately after he completed his walk up the inclined rope. This time he was placing himself at greater risk. Imagine walking without knowing where to and when it will end. He was going to rely on his Father who would be directing each of his steps. I really admire Nik's father too .The tightrope had stays to keep it from swaying and while walking he would have to be careful in the areas where the ropes intersected .This is too much. He also had a beep or some kind of noise at the other side to let him know how much closer he was to the target. However that didn't work in the last minute. He requested the people down on the street, on balconies, more than 60000 live viewers to keep quiet so that he could hear his father's voice. But the crowd made noise, Yet Nik heard His Fathers voice. Good for him for his life depended on it.

Just then I heard my heavenly Fathers voice deep in my Spirit. Child this is very much like your daily walk with me, even if it seems dark and the path is not visible, as long as you listen to my voice your steps will not falter. There may always be noises around you even if you admonish them, but carefully listen to my voice only the voice, the Voice my Heavenly Father, of my True Shepherd, Jesus, the inner soft voice of His Gentle Holy Spirit right within me. My spirit was soaring. I was being taught by the Spirit as I sat watching a TV program. Thank you Lord for the reality of you in my Spirit. Help me stay close to you, hanging on to every promise, feeling the comfort of the Holy Spirit till I reach there.

### ഓബേൺ പകൽ വീട്

ഓബേൺ പകൽ വീടിന്റെ ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 19-ന് റവ. സുനിൻ സ്പെൻസർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. അവിടെ പതിവായിവരുന്ന പ്രായമായവരുടെയും അവരെ സഹായിക്കുന്ന വോളന്റിയേഴ്സിന്റെയും ക്രിസ്തുമസ് ഗാനാലാപനങ്ങളും തുടർന്ന് ഉച്ചഭക്ഷണവും ഉണ്ടായിരുന്നു. ഇവിടെയുള്ളവർ ക്രിസ്തുമസ് ട്രീ ഒരുക്കുകയും ഒരു തിരുപ്പറവിയുടെ നിശ്ചലദൃശ്യം അവതരിപ്പിക്കുകയും ചെയ്തു. ഓബേൺ പകൽവീടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ താൽപ്പര്യമുള്ളവർ ശ്രീമതി. സുശീലാ സുഗുണനുമായി ബന്ധപ്പെടുക. (ഫോൺ: 0471-2321552)

# HEALTH BENEFITS OF GARLIC

Dr. Thilaga Samson



Allium sativum in the family Allium. "Let food be thy medicine and medicine be thy food"...,?

Those are famous words from the ancient Greek physician Hippocrates, often called the father of Western Medicine. He actually used to prescribe garlic to treat a variety of medical,. conditions. Modern science has recently confirmed many of these beneficial health effects. Garlic contains a compound called Allicine, which has potential medicinal properties. Garlic is highly nutritious but has very few calories.It contains manganese,vitamin B6, vit. C, selinium, fiber,calcium.copper, potassium phosphorus, iron and vit. B1. Garlic can boost the function of the immune system. It prevents and reduces the severity of common cold and flu.The active compound allicin in garlic reduces blood pressure. The amount of allicin needed is about 4 cloves of garlic. Garlic can lower total cholesterol and LDL. Garlic contains antioxidants that prevent oxidative damage from free radicals that contribute to the ageing process. The antioxidants support the body's protective mechanism against oxidative damage. Eating garlic can reduce lead toxicity.Garlic has been shown to have beneficial effect on osteoarthritis. It is very easy to include garlic in the diet. It complements most savoury dishes,particularly soups and sauces. The strong taste of garlic can also add a punch to nonveg dishes and also vegetable curries. Our ancient method of crushing the garlic before adding to recipes is the best way to consume.

Bible Quiz

Ajith Sen

We hope that all of you are reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Book of Deuteronomy (NIV), chapters 1 to 10. Kindly read these chapters before attempting the quiz. These chapters describe the covenant law, the idolatry of the Israelites and the construction of the tabernacle.

Last month, of the 23 responses we got only 10 were fully correct, please read the questions and the bible portion thoroughly before answering. There have been requests to us from various quarters that the quiz should be published in Malayalam too (to understand the questions clearly), kindly let us know your opinion.

Please substantiate your answers by stating references (verse) from the Bible. Submit your answers written in either English or Malayalam before **14th February** either at the MM Church Office or email us at **cvquiz@mateermemorialchurch.com**

1. Who is the treasured possession of the Lord?
2. How long will it take to go from Horeb to Kadesh Barnea by the Mount Seir road?
3. What happened at Kibroth Hattaavah?
4. To whom did the Lord give the land of Ar as a possession?
5. Where is Golan?
6. What happened to the clothes of the Israelites during the forty years?
7. Who was afraid of the fire and did not go up the mountain?
8. Which tribe among the Israelites do not have share or inheritance?
9. What should be written on the doorposts of the houses of Israelites?
10. The three verses that Jesus quoted during His temptation were taken from within these ten chapters. Find any two.

---

**Correct answers to the quiz on Exodus 31 to 40**

1. By the finger of God 31:18
2. Acacia wood 37:1
3. The Israelites 33:6
4. Eleven 36:14
5. It was radiant 34:29
6. Joshua 32:17
7. "Holy to the Lord" 39:30
8. Mirrors of the women who served at the entrance of the tent of meeting 38:8
9. Oholiab 35:34
10. First day of the first month in the second year 40:17

---

**List of people who submitted the right answers along with the reference**

1. Preetha John
2. Nesakumari Davidson
3. Shireen Evangeline Ross
4. Suvarna Yohannan
5. Lilora P. R.
6. Sumitha Arun
7. Nirmala Lal Jayakumar
8. Premila Janelet Sylam
9. Grace Ammal V.
10. Valsa D. S.

## Circle Prayer List for February & March 2015

| Date | FlyNo | Name | Ward | Address |
|---|---|---|---|---|
| 03-02-2015 | 935 | Mr.Immanuel P N | LMS | TC 14/600,Near Valsala Nursing home,Palayam |
| 03-02-2015 | 1509 | MrJosh Raj J | Thycaud | SundaramJC 24/1248-1, HNo-226,Valiyasala |
| 03-02-2015 | 1648 | Er.Robin Devadas | Kowdiar | Keerthana,HNo-A129,TC 11/160-2, Kanaka Nagar |
| 06-02-2015 | 1563 | Prof.Chandini Sam S P | Nanthencode | Panchikkala, TC 11/918,NRA 12, Gnanabranam Lane, Nalanda |
| 06-02-2015 | 783 | Mr.Madan Dev E | Pattom | TC 12/612-1,KVRA 20,Vadayakad |
| 06-02-2015 | 988 | Mr.Vasanthan S Balsalam | Statue | AbhivilJC 30/1747-4,Sikhamani Lane,Chayakudi Road, Pettah |
| 17-02-2015 | 1515 | Dr.Sushil Chandran | Ambalamukku | 5B,Queensway Point,Kuravankonam,Kowdiar P.O. |
| 17-02-2015 | 1114 | Mrs.Pushpa Bai Stephen | Muttada | Pournami,PRA 38,Parottukonam,Nalanchira P.O. |
| 17-02-2015 | 846 | Mr.Viswanathan R | Edapazhanji | Plot No-46,TC 6/612,PTP NagarJVM 38 |
| 20-02-2015 | 1948 | Mr.David Gainneos | Statue | Rose DaleJC 27/503(1), THARA 163,Kunnukuzhy |
| 20-02-2015 | 1799 | Er.SajuMJ | Ulloor | Jaya BhavanJC 2/3311-3,CRRA 12A,Chalakuzhy Road,Pattom |
| 20-02-2015 | 1197 | Dr.Arthur Jacob | Charachira | NBRA 106,C II/1917(5),Netaji Bose Road |
| 24-02-2015 | 90 | Mrs.Pearline Mafelda | LMS | TC 14/2135,Hs No-174B,Meads Lane,Palayam |
| 24-02-2015 | 1452 | Mr.Rajendra Das | Thycaud | Mercy, Kannettamukku |
| 27-02-2015 | 849 | Er.Gilbert Nal Surendra A | Nanthencode | NedaazJC 11/1404,106 Bains Compound, Nanthencode |
| 27-02-2015 | 596 | Mrs.Retna Bai K | Pattom | DersanJC 12/292,PTRA86,Thekmoodu Road, Plamoodu |
| 27-02-2015 | 1850 | Mr.Santhosh Kumar C F | Statue | Jees Villa,UR 15, Uppalam Road,Statue |
| 03-03-2015 | 1930 | Mr.Prevaj Kumar | Ambalamukku | HsNo-57,Devapalan Nagar, Ambalamukku |
| 03-03-2015 | 1173 | Mr.Crompton N | Muttada | Nelli NilayamJC 4/2168-3,MRA 22, Marappalam,Pattom |
| 03-03-2015 | 1743 | Col.Anselm D D | Edapazhanji | Divyam,KERA D/5,Priyadarshini Road,Pallimukku, Peyad |
| 06-03-2015 | 1176 | Er.Sanal Kumar CV | Vazhuthacaud | Charisma,HNo 82, MP Appan Nagar, Vazhuthacaud |
| 06-03-2015 | 1020 | Mr.Paul DasJ | Ulloor | Bethel,VNRA 281,Vikas Nagar,Sreekaryam |
| 06-03-2015 | 616 | Mr.Dixon Thompson | Charachira | YMR 17,YMR Junction,Nanthencode |

# നോയൽ ഫിയസ്റ്റ 2014
## (റിപ്പോർട്ട്)

2014 ലെ നോയൽ ഫിയസ്റ്റ എന്ന വാർഷിക ലേലം 2014 ഡിസംബർ മാസം 13,14 തീയതികളിൽ ദൈവകൃപയാൽ വളരെ അനുഗൃഹീതമായ രീതിയിൽ നടത്തപെട്ടു. നമ്മുടെ സഭയുടെ സെമിറ്റ്റി ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായുള്ള ധനശേഖരണാർഥം നടത്തപെട്ട നോയൽ ഫിയസ്റ്റയിലൂടെ 11,71,717 രൂപ സമാഹരിക്കുന്നതിന് കഴിഞ്ഞു. ആയതിന്റെ വിശദവിവരം ചുവടെചേർക്കുന്നു.

| Sl.No | Source | Amount |
|---|---|---|
| 1 | Auction | 3,86,892 |
| 2 | Lucky Draw | 78,400 |
| 3 | Cash Donation- Other than through Stalls | 2,47,265 |
| 4 | Christian Endeavour Youth Fellowship Stall | 11,820 |
| 5 | Church Coir Stall | 1,06,320 |
| 6 | Junior Christian Endeavour Fellowship Stall | 2,270 |
| 7 | Men's Fellowship Stall | 18,420 |
| 8 | Senior Citizen's Fellowship Stall | 75790 |
| 9 | Sunday School Stall | 8,520 |
| 10 | Women's Fellowship Stall | 48,080 |
| 11 | Young Family Fellowship Stall | 1,30,940 |
| 12 | The Harvester's Stall | 50,000 |
| 13 | Outside Business Stall & Banners | 7,000 |
| | Total | 11,71,717 |

നോയൽ ഫിയസ്റ്റയ്ക്കായി ധനമായും വസ്തുക്കളായും സംഭാവന നല്കിയും ലേലത്തിൽ പങ്കെടുത്തും സാധനങ്ങൾ വാങ്ങിയും വിവിധ സ്റ്റാളുകൾ സന്ദർശിച്ച് പ്രോത്സാഹനം നല്കിയും സഹകരിച്ച ഏവർക്കും നന്ദി രേഖപെടുത്തുന്നു.

ഇത്തവണ ഏറ്റവും കൂടുതൽ തുക ലഭിച്ചത് വിവിധ സ്റ്റാളുകൾ മുഖേനയാണ്. ഇതിനായി യത്നിച്ച വിവിധ സംഘടനകൾക്ക് പൊതുവായും ഏറ്റവും കൂടുതൽ തുക സമാഹരിച്ച യംഗ് ഫാമിലി ഫെല്ലോഷിപ്പിന് പ്രത്യേകിച്ചും നന്ദി രേഖപെടുത്തുന്നു.

നോയൽ ഫിയസ്റ്റയ്ക്കായി സ്പോൺസർഷിപ്പ് നല്കിയ ചുവടെ പറയുവർക്ക് പ്രത്യേകം നന്ദി രേഖപെടുത്തുന്നു.

| Sl. No. | Name | Amount | Purpose |
|---|---|---|---|
| 1 | Arthur Jacob | 5000 | Lucky Dip 1st Prize |
| 2 | JothiSathianess | 3000 | Lucky Dip 2nd Prize |
| 3 | Sam Moses | 2000 | Lucky Dip 3rd Prize |
| 4 | Lijin David | 1000 | Lucky Dip Top Seller |
| 5 | Premchand Johnson | 1000 | Lucky Dip Consolation |
| 6 | Premchand Johnson | 1250 | Lucky Dip Printing |
| 7 | AdvSarjine Thomas | 3000 | Live Photo Contest |
| 8 | Lal Jayakumar | 14000 | Lunch to Boarding/Home |

നോയൽ ഫിയസ്റ്റയോടനുബന്ധിച്ച് നടത്തപെട്ട ലക്കി ഡ്രായിൽ ചുവടെപറയുന്നവർക്ക് സമ്മാനങ്ങൾ ലഭിച്ചു.

| Sl. No. | Name | Coupon No. | Prize |
|---|---|---|---|
| 1 | Akhil Mohan | 1929 | 1st |
| 2 | Shalin Ronald | 2487 | 2nd |
| 3 | Dharmaraj T | 850 | 3rd |

ആദ്യമായി നടത്തപെട്ട ഓരോ മണിക്കൂർ ഇടവിട്ടുള്ള റാഫിൾ വളരെ വിജയകരമായിരുന്നു. ഇതിനായുള്ള സമ്മാനങ്ങൾ സ്പോൺസർ ചെയ്ത ശ്രീ. സുന്ദർസിങ്ങിന് പ്രത്യേകം നന്ദി രേഖപെടുത്തുന്നു.

ആദ്യമായി നടത്തപെട്ട ലൈവ് ഫോട്ടോ കോണ്ടസ്റ്റിന് വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്. ചുവടെ പറയുവർ സമ്മാനങ്ങൾ നേടി. അവർക്ക് അഭിനന്ദനം അറിയിക്കുന്നു.

| Sl. No. | Name | Photo No. | Prize |
|---|---|---|---|
| 1 | Shadrach Sushil | 134 | 1st |
| 2 | RonaldRosbery | 136 | 2nd |
| 3 | Suguna J Johnson | 131 | 3rd |

നോയൽ ഫിയസ്റ്റയുടെ വിജയത്തിനായി ജോയിന്റ് കൺവീനർമാരായും വിവിധ സബ്കമ്മിറ്റി കൺവീനർമാരായും പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകം നന്ദി രേഖപെടുത്തുന്നു. അതോടോപ്പം വിവിധ സംഘടനാ ഭാരവാഹികൾക്കും നോയൽ ഫിയസ്റ്റയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ സഭാകമിറ്റിഅംഗങ്ങൾക്കും സഭാ പട്ടക്കാർക്കും പ്രത്യേകം നന്ദി രേഖപെടുത്തുന്നു.

നോയൽ ഫിയസ്റ്റ 2014 ൽ പങ്കെടുത്ത് വിജയിപ്പിച്ച ഏവർക്കും ഒരിക്കൽകൂടി നന്ദി അറിയിക്കുന്നു. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

**കൺവീനർമാർ**
ലാൽ ജയകുമാർ
വിജയ് വിൽസ്
അഡ്വ. സർജിൻ തോമസ്

**Crossed Jordan to be with the Lord**

| Sl.No | Family No | Member | |
|---|---|---|---|
| 1 | 163 | George John<br>Lal Nivas,Pathirapally,<br>Kudappanakunnu,TVM 43<br>Died on:- 25-12-2014 |  |
| 2 | 385 | EvansJ Jones<br>TC 11/1325, 60 Bains Compound,<br>Nanthencode,TVM 3<br>Died on:- 29-12-2014 |  |
| 3 | 618 | Kamalamma Samuel<br>S.V. House,Panangode,Peyad P.O.<br>Died on:-12-01-2015 |  |
| 4 | 405 | Jayadasi Prasoonam<br>Lilly Bhavan,TC 14/1314(1),<br>Chennilod,Kumarapuram<br>Died on:-16-01-2015 |  |

**We welcome these new families joined by TC**

| Sl.No | Family No | Members | Date of Joining |
|---|---|---|---|
| 1 | 2061 | Dr. Edwin Mathew, Dr. Anitha K. G.<br>Ms. Megha Edwin & Ms.Neha Edwin | 30-09-2013 |
| 2 | 2109 | Er.Jerry Daniel J, Er.Gold J Menaka,<br>Mr.Kalvin John J & Mr. Nithin | 04-01-2015 |

**We welcome these new families joined by Marriage**

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2105 | Er.Renju Sekhar&Mrs.NeethuPK | 20-12-2014 |
| 2 | 2106 | Mr. Ebenezer Nelson Jayson Rasalam & Mrs.Manju J | 26-12-2014 |
| 3 | 2107 | Adv. Prathap Wilson & Er.Tejal Tilak Baker | 27-12-2014 |

## Baptism

| Sl.No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1575 | Mr. Sanjo RS | 25-12-2014 |
| 2 | 1739 | Mr.RahulJoy | 25-12-2014 |
| 3 | 1739 | Ms.NidhiJoy | 25-12-2014 |
| 4 | 1931 | Mr.AntonJohn P | 25-12-2014 |
| 5 | 1934 | Mr.AaravAjayGahukamble | 25-12-2014 |
| 6 | 1949 | Ms.Hannah Samuel | 25-12-2014 |
| 7 | 1952 | Mr. JoelAR | 25-12-2014 |
| 8 | 1959 | Ms. Veda B | 25-12-2014 |
| 9 | 2035 | Mr. ClifftonJohnJ | 25-12-2014 |
| 10 | 2050 | Mr. Adiel Adarsh | 25-12-2014 |
| 11 | 2051 | Mr. Jayden Irvin Antony | 25-12-2014 |
| 12 | 2108 | Mrs.Shaleena Suresh | 28-12-2014 |
| 13 | 2108 | Mr. Aadarsh Deva Suresh | 28-12-2014 |
| 14 | 2108 | Mr. Aanand Deva Suresh | 28-12-2014 |

## First Death Anniversary

3 -2 - 2015





**Lissy Jason Raj**

(W/o Late Jason E Raj)

*In Loving Memory by*

Children: Jemilla and Prakash

Son –In –Law: James Bennet | Daughter –In- Law: Shylaja

Grand Children: Tony Nirmal, Prameela Nirmal,

John Roy, Indu, Reginold, Reeja

Great Grand Child: Tracy Nirmal



എഡിറ്റോറിയൽ

# ദൈവഹിതം തിരിച്ചറിയുവാൻ



ഏകദേശം 25 വർഷങ്ങൾക്ക് മുമ്പ് തൃശ്ശൂർ ജില്ലയിലെ ചാലക്കുടിക്ക് സമീപമുള്ള ഒരു അക്രൈസ്തവ സ്ത്രീക്ക് ക്യാൻസർ ബാധിച്ചു. ഡോക്ടർമാർ നിർദ്ദേശിച്ച എല്ലാ ചികിത്സകൾക്കും വിധേയമായിട്ടും രോഗശമനം ഉണ്ടായില്ല. നിരാശയായ അവർ വളരെ വേദനയോടെ ഓരോ ദിവസവും തള്ളിനീക്കി. ജീവിതത്തെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടിരുന്ന ആ സമയത്ത് ഒരു കൂട്ടുകാരി അവരെ സന്ദർശിച്ചു. സമീപത്തെ ഒരു പള്ളിയിൽ രണ്ടാം ശനിയാഴ്ച തോറും നടക്കുന്ന ഒരു പ്രാർത്ഥനാകൂട്ടായ്മയെക്കുറിച്ച് അവരോട് പറയുകയും അവരെ അതിൽ പങ്കെടുക്കുവാൻ ക്ഷണിക്കുകയും ചെയ്തു.

കൂട്ടുകാരിയുടെ ക്ഷണം സ്വീകരിച്ച് അവർ രണ്ടാം ശനിയാഴ്ചയിലെ കൂട്ടായ്മയിൽ പങ്കെടുക്കുവാൻ എത്തി. അവിടെ പാടിയ പാട്ടുകളും പ്രാർത്ഥനയും പങ്കുവെച്ച അനുഭവസാക്ഷ്യങ്ങളും അവരെ ധൈര്യപ്പെടുത്തുകയും തന്റെ അവസ്ഥയെ ദൈവം മാറ്റുമെന്ന പ്രതീക്ഷ ഉണ്ടാവുകയും ചെയ്തു. ആ യോഗത്തിന് നേതൃത്വം നൽകിയ അച്ചന്റെ പ്രസംഗം വിശുദ്ധ യോഹന്നാൻ 5:2–14 ഭാഗത്ത് പരാമർശിച്ചിരിക്കുന്ന 38 വർഷം ബെഥസ്ഥാ കുളക്കരയിൽ കിടന്ന തളർവാത രോഗിയെ യേശു സൗഖ്യമാക്കിയ സംഭവത്തെ ആസ്പദമാക്കിയായിരുന്നു. ഇതുകേട്ട സ്ത്രീ തനിക്കും രോഗസൗഖ്യം ലഭിക്കുമെന്ന് വിശ്വസിച്ചു. പ്രതീക്ഷയോടെ തുടർന്നുള്ള എല്ലാ ദിവസവും ബൈബിൾ വായിക്കുവാനും പ്രാർത്ഥിക്കുവാനും അവർ ആരംഭിച്ചു. ഡോക്ടർമാർ നിർദ്ദേശിച്ച മരുന്നും ചികിത്സയും തുടർന്നുകൊണ്ടിരുന്നു.

തൊട്ടടുത്ത മാസം രണ്ടാം ശനിയാഴ്ച യോഗത്തിൽ അവർ പങ്കെടുത്തു. ആ യോഗവും അവർക്ക് കൂടുതൽ ധൈര്യം പകർന്നു. ആ യോഗത്തിന് നേതൃത്വം നൽകിയിരുന്ന ചിലർ അവരുടെ ഭവനം ഇടയ്ക്കിടയ്ക്ക് സന്ദർശിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും അവരെ ധൈര്യപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ചില മാസങ്ങൾ കഴിഞ്ഞു ഒരു യോഗത്തിൽവെച്ച് രോഗസൗഖ്യം ലഭിച്ചതായി അവർക്ക് സ്വയം ബോധ്യപ്പെട്ടു. തൊട്ടടുത്ത ആഴ്ച ഡോക്ടർമാരെ സമീപിച്ച് പരിശോധന നടത്തി രോഗസൗഖ്യം ഉറപ്പുവരുത്തി.

തുടർന്നുള്ള രണ്ടാം ശനിയാഴ്ച യോഗത്തിൽ പങ്കെടുത്ത ആ സഹോദരി ഇപ്രകാരം സാക്ഷ്യം പറഞ്ഞു: 'ഞാൻ ആദ്യതവണ രോഗസൗഖ്യം പ്രതീക്ഷിച്ച് ഈ കൂട്ടായ്മയിൽ വന്നു, പക്ഷേ രോഗസൗഖ്യം കിട്ടിയില്ല. ഞാൻ പ്രതീക്ഷയോടെ ദൈവസന്നിധിയിൽ കാത്തിരുന്നു. ശ്രദ്ധയോടെ വചനം പഠിക്കുവാനും ദിവസവും പ്രാർത്ഥിക്കുവാനും തുടങ്ങി. ദൈവവുമായി ശക്തമായ ഒരു ബന്ധം ഞാൻ സ്ഥാപിച്ചു. ഇപ്പോൾ ദൈവം എനിക്ക് സൗഖ്യം

നൽകി. എന്റെ ക്യാൻസർ രോഗത്തിലൂടെ എനിക്ക് ദൈവത്തെ കണ്ടെത്തുവാൻ കഴിഞ്ഞു. എനിക്ക് രോഗവും, രോഗസൗഖ്യവും നൽകിയ ദൈവത്തിന് മഹത്വമുണ്ടാകട്ടെ'. ആ സ്ത്രീ ഇപ്പോഴും ജീവിച്ചിരിക്കുന്നു.

ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. ജീവിതത്തിൽ രോഗങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയും കടന്നുപോകുമ്പോൾ ദൈവത്തെ ചോദ്യംചെയ്യുന്നവരായോ ദൈവത്തിൽ നിന്ന് അകന്നുപോകുന്നവരോ ആയി നാം മാറരുത്. നന്മമാത്രം ചെയ്തിട്ട് തിക്താനുഭവങ്ങളിലൂടെ കടന്നുപോകുന്നവർ വായിച്ചിരിക്കേണ്ട ഒരു സാഹിത്യ കൃതിയാണ് പൗലോ കൊയ്‌ലോയുടെ **ഫിഫ്ത് മൗണ്ടൻ** (Fifth Mountain) എന്ന നോവൽ. ഇതിലെ ശ്രദ്ധേയമായ ഒരു സന്ദേശമാണ് - **'ജീവിതത്തിലെ ദുരന്തങ്ങൾ വാസ്തവത്തിൽ ദൈവം മനുഷ്യന് നൽകുന്ന ശിക്ഷകളല്ല, വെല്ലുവിളികളാണ് - സ്വന്തം കഴിവും മികവും തെളിയിക്കുവാനുള്ള അവസരം'.** Misfortunes are not a punishment from God, but a challenge to prove your worth. നമ്മുടെ ചെറിയ ജീവിതത്തിലൂടെ ദൈവത്തിന് വരുംനാളുകളിൽ ചില വലിയ കാര്യങ്ങൾ ചെയ്തുതീർക്കുവാനുണ്ടെന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

സങ്കീർത്തനക്കാരൻ പറയുന്നു: 'നിന്റെ ചട്ടങ്ങൾ പഠിക്കുവാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്കു ഗുണമായി' (സങ്കീ.119:71). **നാം കടന്നുപോകുന്ന രോഗങ്ങളും പ്രയാസങ്ങളും കയ്പേറിയ ഓരോ അനുഭവങ്ങളും ദൈവവുമായി കൂടുതൽ അടുക്കുവാനും ദൈവഹിതം തിരിച്ചറിയുവാനുമുള്ള സന്ദർഭങ്ങളാണ്.** ദൈവവചനം വായിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ദൈവവുമായുള്ള ബന്ധത്തിൽ വളരുന്നതിനും നമുക്ക് പ്രത്യേകം ശ്രദ്ധ പതിപ്പിക്കാം. വ്യത്യസ്തമായ ഓരോ ജീവിതാവസ്ഥയിലൂടെയും കടന്നുപോകുമ്പോൾ നാം തനിച്ചല്ല, നമ്മെ കരുതുന്ന ദൈവം നമ്മോടൊപ്പമുണ്ട് എന്ന തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. ദൈവസന്നിധിയിൽ നമുക്ക് വിനയപ്പെടാം.

**ആർ. സാജൻ സാംസൺ**
email: sajansamson@hotmail.com





**Womens Fellowship Candle Lighting Ceremony**







**ഓബേൺ പകൽവീടിൽ നടന്ന ക്രിസ്മസ് ആഘോഷം**



